

# ബൈനോക്കുലർ

## ഡിജിറ്റൽ മാഗസിൻ

## ഗവ. ഹയർ സെക്കന്ററി സ്കൂൾ, മണിയൂർ

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ



അന്വയ മനോജ്

## എഡിറ്റോറിയൽ ബോർഡ്



അഭിന.ജി



അഭിനവ്.കെ.എസ്



അമയ.കെ




അമയ.പി



അനന്തു.ബി



അഞ്ജന ബാലകൃഷ്ണൻ



ധനുഷ്.എസ്.ഗിരീഷ്



മാളവിക.കെ.മനേഷ്



നിഹാര നന്ദകുമാർ



രാഹുൽ.എസ്.എം



വിഷ്ണുദത്തൻ.വി.കെ



വിഷ്ണു പ്രസാദ്.വി.ആർ

# ആമുഖം

നാം ഇന്ന് ജീവിക്കുന്നത് ഐടി യുഗത്തിലാണ്. ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായാണ് ഇന്ന് ലോകം മുന്നോട്ട് നീങ്ങുന്നത്. ആധുനിക വിദ്യയെ സ്പർശിച്ച് പുതുമയിലേക്കൊരു ഡിജിറ്റൽ പതിപ്പ്. താളുകൾ മറിക്കുമ്പോൾ ഞങ്ങളുടെ സൃഷ്ടികൾ , കാഴ്ചപ്പാടുകൾ, രൂപകല്പനകൾ എന്നിവ നവരീതിയിലാണ് ഉണർത്തപ്പെടുന്നത്. നിരീക്ഷണങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും വിവരശേഖരണങ്ങളിലൂടെയും ഒട്ടനവധി കുട്ടികൾ സ്വയം ആർജ്ജിച്ചെടുത്ത അറിവുകളുടെ കൂട്ടമാണ് ഈ പതിപ്പ്. ആധുനികലോകം വിവര വിനിമയ സാങ്കേതിക വിദ്യയാകുന്ന  അക്ഷയ പാത്രത്തിൽ നിന്ന് ഉതിർന്നു വീഴുന്ന മണിമുത്തുകളാണ്.  ഐ.ടി രംഗത്ത് പുതുയുഗം അഭ്യുന്നതി കൈവരിച്ച് സ്ഫുരിത വിരാജിതമായിക്കൊണ്ടിരിക്കുകയാണ്.  വിവരജാലമാകുന്ന വിശാല വിഹായസ്സിൽ മിന്നിത്തിളങ്ങുന്ന ഉഡുപംക്തിക്ക് സമാനമാണ് ഞങ്ങളുടെ ഒരുമ. ഒരുപാട് പേരുടെ കഠിനാധ്വാനത്തിന്റെയും, പ്രയത്നങ്ങളുടെയും, സഹകരണത്തിന്റെയും, വിജയബോധത്തിന്റെയും ഫലമായി  രൂപം കൊണ്ട ഈ കൊച്ചു ഡിജിറ്റൽ മാഗസിൻ ഞങ്ങൾ സ്നേഹപൂർവ്വം നിങ്ങൾക്കു മുമ്പാകെ സമർപ്പിക്കുന്നു.

# HM's message



I am very happy to learn that our Little Kite team is bringing out a Digital Magazine in the year 2018-19. This magazine helps the students, especially Little Kite members to showcase their talents, to explore creative potential, and to shape the overall personality.

I extend my greetings and wishes to the students and teachers for their effort to set the wheel on the track.

**P.M.SASI**
**HEADMASTER**



വിദ്യാഭ്യാസ രംഗത്ത് അനുദിനം മാറ്റങ്ങൾക്ക് നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്ന കേരളസർക്കാർ നമ്മുടെ സ്കൂളിലെ എല്ലാ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ്റൂമുകളാക്കി മാറ്റിയിരിക്കുകയാണ്. കൂടാതെ വിവരസാങ്കേതികവിദ്യയിൽ വിദ്യാർഥികളെ കൈപിടിച്ചുയർത്തുന്ന വേണ്ടി ലിറ്റിൽ കൈറ്റ്സ് എന്ന പേരിൽ ആരംഭിച്ച ഈ യൂണിറ്റ് പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു.

പി.കെ.ദിവാകരൻ മാസ്റ്റർ
സീനിയർ അസിസ്റ്റന്റ്

## ഉള്ളടക്കം

സ്കൂൾ ... അൽപം ചരിത്രം ....................................................7
വിലാപ കാവ്യം ............................................................10
അണയാത്ത ദീപങ്ങൾ ......................................................11
ഒരുമയുടെ വിഹ്വലതകൾ ...................................................12
ഏകദിന ശിൽപശാലയിലൂടെ ......................................... ...14
Ancient Egyptian Culture ..................................................16
തളർന്നുവോ മേഘമേ ? ......................................................19
അമ്മ ..........................................................................20
നമ്മളൊന്ന് ...................................................................21
TEARLESS ! WORDLESS ! BEGINS HERE ! .................22
ഗയയിൽ നിന്ന് വിരുന്നെത്തിയ മഹാ ബോധി മരം... ...............23
എന്റെ മഴ ....................................................................34
ധർമ്മിഷ്ഠനായ രാധേയൻ ....................................................35
ആകാശ പൂക്കൾ .............................................................38
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ................................................39
മുള്ളു വേലികൾ .............................................................41
മരിച്ചവരുടെ കണ്ണുനീർ .......................................................42
പുഴ ഒഴുകുന്നു ................................................................43
മുത്തശ്ശിയുടെ സ്നേഹം ......................................................44
സഫലമാകാത്ത ഒരു സ്വപ്നം ................................................46
ശാന്തിയില്ലാ തീരങ്ങൾ ......................................................49
ക്രൂരകൃത്ത്യങ്ങൾ ...............................................................50
Earth Pollution ...............................................................51
ഉത്തമ സമൂഹ സൃഷ്ടിക്ക് കായിക വിദ്യാഭ്യാസം ........................52
प्यारी बहन ....................................................................54
കണ്ണിലുണ്ണി .................................................................55
The Breeze ...................................................................57
ജാലകം ........................................................................58
माई ...........................................................................59
കൺട്രി ഫെലോ ..............................................................60
അവൾ .........................................................................61
Please protect our Nature and Save Nature..........................62
Beauty of Nature ........................................................... 63

# സ്കൂൾ... അൽപം ചരിത്രം



ജില്ലയിലെ എറ്റവും വലിയ പഞ്ചായത്തുകളിലൊന്നായ മണിയൂർ ഗ്രാമപഞ്ചായത്തിലെ സെക്കണ്ടറി വിദ്യാഭ്യാസരംഗത്തെ ഏക സ്ഥാപനമാണ് മണിയൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ. പഞ്ചായത്തിന്റെ മൂന്ന് ഭാഗം കുറ്റ്യാടിപുഴയും ഒരു ഭാഗം തിരുവള്ളൂർ, വില്ല്യാപ്പള്ളി പഞ്ചായത്തുകളുമാണ്. പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞാൽ സെക്കണ്ടറി വിദ്യാഭ്യാസത്തിന് സൗകര്യം ഇല്ലായെന്നതാണ് പഞ്ചായത്തിലെ വിദ്യാഭ്യാസ മുന്നേറ്റത്തിന് തടസ്സമായിരുന്നത്. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് ഉൽപതിഷ്ണുക്കളായ രാഷ്ട്രീയ – സാമൂഹ്യ പ്രവർത്തകർ നടത്തിയ ത്യാഗനിർഭരമായ പ്രവർത്തനങ്ങളുടെ ഉൽപ്പന്നമാണ് മണിയൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ. നിരവധി വ്യക്തികളും സംഘടനകളും മണിയൂർ പഞ്ചായത്തിൽ ഹൈസ്കൂൾ സ്ഥാപിക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ചിട്ടുണ്ട്. ഇവരുടെയെല്ലാം പേര് പ്രത്യേകം പ്രത്യേകം എടുത്തു പറയണമെന്നുണ്ടെങ്കിലും വിസ്താരഭയത്താൽ അതിന് മുതിരുന്നില്ല. എങ്കിലും സ്കൂൾ സ്ഥാപിക്കുന്നതിന് നാല് ഏക്കറോളം സ്ഥലം സൗജന്യമായി നൽകിയ ശ്രീ.ഐ.പി.നാരായണൻ നമ്പ്യാരെ ഈ അവസരത്തിൽ ആദരപൂർവ്വം സ്മരിക്കുകയാണ്. 1966 ജൂൺ ഒന്നിന് മണിയൂരിന്റെ അന്നത്തെ ചിരകാല സ്വപ്നമായ സെക്കണ്ടറി വിദ്യാഭ്യാസം ഔപചാരികമായി നിലവിൽ വന്നു. തുടക്കത്തിൽ 8-ാം ക്ലാസ്സിൽ ആരംഭിക്കുകയും ശ്രീ. കെ. അപ്പുണ്ണിക്കുറുപ്പ് മാസ്റ്റർ ഹെഡ്മാസ്റ്ററായി ചുമതല ഏറ്റെടുക്കുകയും ചെയ്തു.

1997 ലാണ് പുതിയ വിദ്യാഭ്യാസ പദ്ധതിയും വികേന്ദ്രീകൃത ആസൂത്രണപ്രക്രിയയും സ്കൂളിന്റെ മുഖഛായ മാറ്റുന്നതിലേക്ക് സഹായകമാണ്. തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് 1996 ൽ ആവിഷ്കരിച്ച വിജയരഥം പരിപാടി സ്കൂളിന്റെ എസ്.എസ്.എൽ.സി വിജയശതമാനത്തിൽ വൻ കുതിപ്പ് ഉണ്ടാക്കി. 1995 വരെ സ്കൂളിന്റെ വിജയശതമാനം 40% ത്തിൽ താഴെയായിരുന്നു. എന്നാൽ 1997 മാർച്ചിൽ 75% ശതമാനം പേർ വിജയിച്ചു. തുടർന്നുള്ള വർഷങ്ങളിൽ വിജയം 98 ശതമാനത്തിലുമായി. 2014 മാർച്ച് മുതൽ 100%വിജയം നേടുന്ന സ്കൂളുകളുടെ പട്ടികയിലേക്ക് നമ്മുടെ സ്കൂളും കടന്ന് വരികയാണ് . കായികരംഗത്ത് കഴിഞ്ഞ ഒന്നര പതിറ്റാണ്ട് കാലം മണിയൂരിനെ സംബന്ധിച്ചെടുത്തോളം അവിസ്മരണീയമായ നേട്ടങ്ങൾ ഉണ്ടാക്കിയ കാലഘട്ടമാണിത്. കായിക അധ്യാപകനായ ഹരിദാസൻ മാസ്റ്ററുടെ ഈ രംഗത്തെ സേവനം മണിയൂരിന്റെ പേര് ദേശീയ, അന്തർ ദേശീയ മത്സരങ്ങളിൽ എത്തിക്കാൻ സഹായിച്ചിട്ടുണ്ട്.

2005 മുതൽ നമ്മുടെ സ്കൂൾ ഹയർസെക്കന്ററി സ്കൂളായി മാറിയിട്ടുണ്ട്. മൂന്ന് ബാച്ചുകളിലായി 360 വിദ്യാർത്ഥികൾ ഹയർ സെക്കണ്ടറിയിൽ പഠനം നടത്തി വരുന്നു. കഴിഞ്ഞ 10 വർഷമായി പ്ലസ് ടു വിജയ ശതമാനം 95%ത്തിന് മുകളിലാണ്. ഹയർ സെക്കണ്ടറിയിൽ ആരംഭകാലത്ത് സ്ഥിര അധ്യാപകരുടെ ലഭ്യതയില്ലായ്മ നമ്മെ ഏറെ ബുദ്ധിമുട്ടിച്ചെങ്കിലും ഇപ്പോൾ ഹയർ സെക്കണ്ടറിയിൽ ഭൂരിപക്ഷം പേരും സ്ഥിരം അധ്യാപകരാണ്.

2010 മുതൽ നമ്മുടെ സ്കൂൾ സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്. ഇതിന്റെ ഭാഗമായി നിരവധി സർക്കാർ ഏജൻസികളിൽ നിന്ന് വികസനത്തിനായി ഫണ്ട് ലഭ്യമായിട്ടുണ്ട്. ഈ കാര്യത്തിൽ പരേതരായ ശ്രീ.എ.കണാരൻ, ശ്രീ.മത്തായിചാക്കോ എന്നീ എം.എൽ.എ മാരുടെയും ശ്രീമതി.സതീദേവി, ശ്രീ.മുല്ലപ്പള്ളി രാമചന്ദ്രൻ, കെ.കെ.ലതിക എന്നിവരുടെയും പ്രത്യേക ഇടപെടലിലൂടെ ലഭ്യമായ ധനസഹായത്തിന് ഞങ്ങൾ എന്നും നന്ദിയുള്ളവരായിരിക്കും. നിലവിലെ എം.എൽ.എ ആയ ശ്രീ. പാറക്കൽ അബ്ദുള്ളയുടെയും പിന്തുണ സ്കൂളിന് നിർലോഭമായി ലഭിച്ച് വരികയാണ്.

2010-ന ശേഷം സ്കൂളിന്റെ ഭരണ നിർവ്വഹണം കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ കീഴിലാണ്. കഴിഞ്ഞ 5 വർഷത്തിനിടയിൽ സ്കൂളിന്റെ ഭൗതിക സാഹചര്യം ഗണനീയമായ രൂപത്തിൽ വികസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏകദേശം രണ്ട് കോടിയോളം രൂപ കഴിഞ്ഞ 5 വർഷത്തിനിടയിൽ നമ്മുടെ സ്കൂളിന് ലഭ്യമായിട്ടുണ്ട്. ഈ വർഷം 50 ലക്ഷം രൂപ ബഹുമാനപ്പെട്ട കുറ്റ്യാടി എം.എൽ.എ ശ്രീമതി.കെ.കെ.ലതിക ബിൽഡിങ്ങ് നിർമ്മാണത്തിന് ലഭ്യമാക്കിയിട്ടുണ്ട്. 2018 - 19 അധ്യയന വർഷത്തിൽ എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ആയി മാറിയിട്ടുണ്ട്.



ആധുനിക കാലത്തെ വിദ്യാഭ്യാസ സൗകര്യത്തിന് ഇണങ്ങുന്ന രൂപത്തിൽ നമ്മുടെ സ്കൂൾ മാറുന്നതിന്റെ ഭാഗമായി ഒരു ബൃഹത്തായ മാസ്റ്റർ പ്ലാൻ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ സഹായത്തോടെ തയ്യാറാക്കിയിട്ടുണ്ട്. സുവർണ്ണ ജൂബിലി നിറവിൽ നിൽക്കുന്ന ഈ വിദ്യാലയത്തിന്റെ മുഖഛായ തന്നെ ജനകീയ സഹകരണത്തോടെ മാറ്റാനുള്ള തയ്യാറെടുപ്പിലാണ് പി.ടി.എയും സ്കൂൾ അധികൃതരും.

# വിലാപ കാവ്യം

എവിടെനിന്നോ കേൾക്കുന്നിതാ
ഭൂമിതൻ അകമറ്റ തേങ്ങൽ
അന്ത്യശ്വാസം വലിക്കുന്ന
ഭൂമീമാത തൻ അകമറ്റ തേങ്ങൽ
ഞാൻ ചെയ്ത പാപം
എന്തേ ഇങ്ങനെ ശിക്ഷ ?
പറയൂ മാനുഷരേ പറയൂ മാനുഷരേ
എന്റെ കോശമാം വൃക്ഷശാഖകൾ
വെട്ടിമുറിച്ചില്ലേ ? എന്റെ ശ്വാസമാം
മലനിരകൾ നിങ്ങൾ മാന്തിയെടുത്തില്ലേ ?
എന്റെ ദേഹമാം മൺത്തടങ്ങൾ
പെട്ടിയിലാക്കിയില്ലേ ?
എന്റെ രോദനം  കാതങ്ങൾ  താണ്ടിയെത്തും
ഈ മണ്ണിനെ നശിപ്പിച്ചതിനു പ്രതികാരം ചെയ്യാം
കാറ്റായ് കടലായ് തിരമാലയായ്....
മനുഷ്യരാശിയുടെ വിനാശത്തിനായ്

അമയ.പി
9-B

# അണയാത്ത ദീപങ്ങൾ

മന്ദമാരുതനായി  വന്ന്, എൻ -
ഹൃദയവും കൊണ്ട് ഞാനറിയാതെ
എന്നിൽ നിന്നും
പറന്നകന്നത് എന്തിന് നീ ?

വീണ്ടും, വീണ്ടും എൻ കണ്ണുകളിലേക്ക്
അണയ്ക്കാനാകാത്ത തീഗോളമായി
നീ മാറിയത്, എന്റെ ഹൃദയം
എന്നെ അലട്ടിക്കൊണ്ടിരുന്നു.

അറിയാതെ തോന്നിയൊരിഷ്ടം
എന്റെ ഹൃദയത്തിൻ വാതിലുകൾ
ഓരോന്നോരോന്നായി നീ
തുറന്നുകൊണ്ടിരുന്നു .

അകലെ നിന്നും കണ്ട നിൻ മുഖം
മായാവിളക്കായി ഞാൻ സൂക്ഷിച്ചെങ്കിലും
ആ വെളിച്ചം നീ കാണുമെന്ന്
ഞാനറിയാതെ ഞാൻ ആഗ്രഹിച്ചു .

രാഹുൽ എസ്. എം
9-D

# ഒരുമയുടെ വിഹ്വലതകൾ

സ്വപ്നമോ എൻ നിദ്രയോ പായുന്ന
പ്രവാഹത്തിൻ സല്ലാപമോ
ദു:ഖമോ മർത്ത്യന്റെ വിരഹ
സന്തോഷമോ
പാരിന്റെ വികൃതിയോ ഹാസ്യമോ
തകർച്ചയോ ?

വീഴുന്ന സൂനത്തെ നോക്കിച്ചിരിക്കുന്ന
വിരിയുന്ന പുഷ്പത്തിൻ സന്തോഷമോ
തിന്മതൻ നന്മയെ തിരയുന്ന വേളയിൽ
തളരുന്ന പല്ലവ ഹൃദന്തങ്ങളോ
അപ്രതീക്ഷിതമാം തളിരിന്റെ തകർച്ചയെ
പൊരുതുന്ന പല്ലവ പുടങ്ങളും ആ ചെടിയും

തോൽക്കുന്ന ദുഷ്ടേ നീ
ജീവിതത്തിൻ നന്മ.
ഒരുമയെ കാണിച്ച മർത്ത്യന്റെ
സ്നേഹമാണെന്നും നീ
അഖില ജീവിതത്തിന്റെ പ്രളയാഗ്നിയാണു നീ
മതിലുകളില്ല  പാരിലെ ജീവനിൽ
കരാള ഹൃദയത്തിൻ തിന്മയില്ല.

എന്നും നന്മതൻ വിളക്കു മാത്രം
ഇരുളിലെ നിഴൽ പോലെ
വിളക്കിലെ കരടും
ഇരുളിന്റെ വെളിച്ചമായി നന്മയും
എന്നും ജീവിതത്തിന്റെ കൈത്താളുകൾ

പ്രളയമേ,ജലപ്രവാഹമേ,
നിന്നെ പഴിച്ച നാവുകൾ കൊണ്ടു ഞാൻ
നിന്നിൽ അർച്ചന ചെയ്തിടുന്നു.
പാരിൽ നിൻ കീർത്തിയെ അയച്ചിടുന്നു.

കേരളത്തിന്റെ തകർച്ചയാകിലും
നീ ഒരുമയുടെ സൗധമാണമ്പേ.
ജന്തുജാലമാകുന്ന പാരിന്റെ
കണ്ണീരല്ലയോ നീ.
എങ്കിലും ഒരുമയാണാ കണ്ണീരെന്നു ഞാൻ
ചിന്തിക്കുന്നു ഈ വേളയിൽ......

മാളവിക
9-E

# ഏകദിന ശിൽപശാലയിലൂടെ .......

2018 സെപ്തംബർ 1 , ശനി. അന്നൊരു പ്രവൃത്തി ദിവസമായിരുന്നു. എന്നാൽ ലിറ്റിൽ കൈറ്റ്സിന്റെ അംഗങ്ങൾക്ക് അന്ന് വളരെ സന്തോഷമുള്ള ദിവസമായിരുന്നു. എന്താണെന്ന് വെച്ചാൽ, ലിറ്റിൽ കൈറ്റ്സ് ഏകദിന കേമ്പ് ആയിരുന്നു അന്ന്. ഐ.ടിയുടെ ജില്ലാ കോർഡിനേറ്ററായ ബാബു മാഷായിരുന്നു ഞങ്ങളെ പരിശീലിപ്പിക്കാൻ വന്നത്. ആ ഒരു ദിവസം ഞങ്ങളെല്ലാവരും ഒരു പൂന്തോട്ടത്തിലെ ഒരുപാട് പൂമ്പാറ്റകളായി മാറുകയായിരുന്നു. മധുരമുള്ള അറിവുകൾ നിറഞ്ഞ തേൻ ഞങ്ങൾ നുകരാൻ തുടങ്ങി. ഒപ്പം പൂന്തോട്ടം നടത്തിപ്പുകാരനായി ബാബു മാഷും.



ഐ.ടിയുടെ ലോകമാണിത്. നമുക്കെല്ലാവർക്കുമറിയാം, ഐ.ടിയെ ആശ്രയിച്ച് ജീവിക്കുന്ന ഇന്നത്തെ സമൂഹത്തിന് എല്ലാം വിരൽത്തുമ്പിലാണ്. എങ്കിൽ ഞങ്ങളും ആ സാങ്കേതികവിദ്യ ഒന്നടുത്തറിയാം എന്നു തന്നെ തീരുമാനിച്ചു. അതിൽ ചെറിയൊരു ഘട്ടമായിരുന്നു ആ കേമ്പ്. അങ്ങനെ സസന്തോഷം ഞങ്ങളുടെ പ്രധാന അധ്യാപികയായ വിമല ടീച്ചർ ആ കേമ്പ് ഉദ്ഘാടനം ചെയ്തു. ഞങ്ങടെ ക്ലാസ്സും തുടങ്ങി. വളരെ രസകരമായൊരു ക്ലാസ്സ്. അന്ന് ഞങ്ങൾക്ക് പഠിപ്പിച്ചു തന്നത് വീഡിയോ എഡിറ്റിംഗ് ആയിരുന്നു. ഓപ്പൺ ഷോട്ട് വീഡിയോ എഡിറ്റർ എന്ന സോഫ്റ്റ് വെയറായിരുന്നു അതിനുപയോഗിച്ചത്. അങ്ങനെ മൂന്ന് പേരടങ്ങുന്ന ഗ്രൂപ്പായി തിരിഞ്ഞു. എനിക്ക് അന്വയയും അമയയും ആയിരുന്നു കൂട്ട്. ഞങ്ങളാദ്യം ഓപ്പൺ ഷോട്ട് വീഡിയോ എഡിറ്റർ എടുത്ത് മാഷ് പറയുന്നതു പോലെ ചെയ്യാൻ തുടങ്ങി. ഹാ ,ഇനി ബാബു മാഷെ പറ്റി പറയാനാണെങ്കിൽ

വളരെ എളുപ്പാ! വളരെ നല്ല മാഷ്, അതിമനോഹരമായി ക്ലാസ്സെടുക്കുന്നുണ്ട്. ഒരു വിധത്തിലും എനിക്ക് ബോറടി വന്നിട്ടില്ല. അന്ന് വൈകുന്നേരമാകുമ്പോഴേക്കും ഞങ്ങൾ എല്ലാവരും ഓരോ കിടിലൻ വീഡിയോകൾ ഉണ്ടാക്കി. മാഷ് ചെയ്തത് ഇടയ്ക്ക എന്ന ശബ്ദവും ഒരു ഫാബ്രിക് പെയിന്റ് ചെയ്യുന്ന ദൃശ്യവുമായിരുന്നു. ഒപ്പം തലക്കെട്ടൊക്കെ കൊടുത്ത് കൂട്ടിക്കലർത്തി മനോഹരമായ ഒന്ന്. പക്ഷെ അതിലും മനോഹരമായത് ഞങ്ങൾ തന്നെ ആനിമേഷൻ നൽകിയ ഒന്നിന് ഞങ്ങൾ തന്നെ റെക്കോഡ് ചെയ്ത ശബ്ദം നൽകി, തലക്കെട്ടൊക്കെ ചേർത്ത്, കട്ട് ചെയ്തും ട്രാക്കുകൾ കൂട്ടിച്ചേർത്തും ഒഴിവാക്കിയും ചെയ്ത ദൃശ്യമായിരുന്നു. അതു കാണുമ്പോൾ മനസ്സിന് ഒരു സുഖാ ! ഒരു ദിവസം കൊണ്ട് ഇത്രയും ചെയ്തല്ലോ എന്ന തോന്നലായിരുന്നു. ഇതിനിടയ്ക്ക് ഞാനൊരു കാര്യം പറയട്ടെ, ചായയും കടിയും ഞങ്ങളിൽ ചിലരെ സംബന്ധിച്ചിടത്തോളം ഈ കേമ്പ് അടിപൊളിയാക്കി മാറ്റാൻ സഹായിച്ചു. പക്ഷെ പറയാതെ വയ്യ എന്തു കൊണ്ടും നല്ലൊരു കേമ്പായിരുന്നു അത്.

ശരിക്കും പറഞ്ഞാൽ ഐ.ടി യുഗം എന്നത് ഒരു അത്ഭുതം തന്നെ അല്ലെ ? ഇനിയെന്തൊക്കെ കാണാൻ ഇരിക്കുന്നു ഞങ്ങൾ ! എന്തായാലും ഇങ്ങനെ ഒരുപാട് കേമ്പുകൾ വരും നാളുകളിൽ ഉണ്ടാകണം എന്ന് ഞാൻ ആഗ്രഹിക്കുന്നു.വിമല ടീച്ചർ ഉദ്ഘാടനം ചെയ്ത പരിപാടി അനന്യ മനോജ് നന്ദി പറഞ്ഞു കൊണ്ട് അവസാനിപ്പിച്ചു.

നിഹാര നന്ദകുമാർ
9-B



# *Ancient Egyptian Culture*

**MUHAMMAD MUHZIN.C.P**
**10-A**




**U**ni was a high-ranking Egyptian of the Old Kingdom. His life story----a success story----is recorded in his tomb. Uni began his career in a simple way---running a store house. Later, he was promoted to grounds keepers of the royal pyramid. In his job, he oversaw the delivery of stone from the quarry, the site where stone was cut to the pyramid. Uni must have worked hard, because later he was made a general. Then, he became Governor of Upper Egypt, in a charge of goods and taxes for half the kingdom. By the time of his death,Uni had become royal tutor at the palace and an honoured companion of the pharoah. Uni and the many other people like him were part of everyday life in ancient Egypt.

## The life of the Egyptians

Most of what we know about the everyday life of the Egyptians is Based on paintings that cover the walls of the tombs and temples. Written records also ells us much about their lives.

Social classes :- Historian often turn to Egyptian art to learn about social classes of ancient Egypt. Egyptian paintings and carvings shows royalty and ordinary people involved in all aspects of life. Like Uni, most Egyptians were busy and hard-working people. They also had a sense of fun and love of beauty.




Egyptian society itself resembled a pyramid. At the very top stood the Pharaoh. Beneath him was a small upper class. This group includes priests, members of the Pharaoh's court, and nobles who held the largest estates. The next level was the middle class, made up of merchants and skilled workers. At the base of the pyramid was by far the largest class, the peasants. Mostly, the peasants did farm labour. But they also did other

kinds of labour, such as building roads and temples.  A person could rise to a higher class. Generally, the way to rise was through service to the pharaoh, as Uni did.





**Slavery:-** Prisoners captured in war were made slaves.  Slaves formed a separate class, which was never very large.  Egyptian society was flexible, however  even slaves had right.  They could own personal items and inherit land from their masters.  They could also be set free.

## Working in Egypt



**Lives of the peasants:-**Although peasants could own land, most worked the land of wealthier people. During the flood season, the peasants worked on roads, temples,and other buildings. As soon as the waters left the land, they had to plant the fields. The work had to be done quickly while the soil was still moist. One farmer ploughed the black earth with a team of oxen while another followed behind, scattering the seeds.

The harvest was the busiest season for Egypt's peasants. All men, women, and older children went into the field to gather the crops of wheat or barley. Work went on from sunrise to sunset. Once the crops were gathered, the villagers feasted.  They offered food and drink to the gods in thanks for their help.



**Women of Egypt:-** Egyptian women were looked upon as living models of Isis, the wife of the god Osiris. They had most of the rights that men had.  They could own property, run businesses, and enter into legal contracts.  For the most part, women travelled  about freely.  Egyptian paintings often show them supervising farm work or hunting.  And women performed many roles - from priestess to dancer.

## Writing in Ancient Egypt

The records and writings left by the ancient Egyptians allow us to learn more about their culture.  From these records,we know that they possessed an amazing amount of knowledge.



**A New System of writing:**-In ancient Egypt, as in Mesopotamia, ideas were written down in pictures like symbols called “Hieroglyphs”(HY ur oh glifs). In this script, some pictures stand for ideas or things. For example, a picture stand “go”. Other pictures stand for sounds. For example, a drawing of an owl stand for the “m” sound.

The Egyptians began to use hieroglyphs because they needed a way to keep track of the kingdom's growing wealth. As the Egyptian empire grew, it became necessary to create more pictures for more complicated ideas.

# തളർന്നുവോ മേഘമേ ?

ജലമേന്തി ഓടിക്കിതച്ച മേഘം
കൈവിട്ടുപോയ കുടത്തിൽ നിന്നും
തണ്ണീർ ചിതറിത്തെറിപ്പതു കാൺമതില്ലേ....
ആ തണ്ണീർ മഴയായി മലവെള്ളപ്പാച്ചിലായി-
നിന്നിലേയ്ക്ക്......
വിശ്രമിക്കാൻ നേരമില്ലയോ മേഘമേ-
നിനക്ക്........

***കീർത്തന .ബി***
***8.A***

# അമ്മ

നാശം പിടിച്ച തള്ള രാവിലെ തന്നെ തുടങ്ങി. തള്ളേ നിങ്ങളോട് ഞാൻ പറഞ്ഞില്ലേ മുറിയിൽ നിന്ന് പുറത്തേക്കിറങ്ങരുതെന്ന്. അവിടേം ഇവിടേം തുപ്പി വീട് മുഴുവൻ നാശമാക്കും. ഇതും പറഞ്ഞ് രേവതി പാറു അമ്മയെ മുറിയിലേക്ക് പിടിച്ച് തള്ളി. പാവം തറയിൽ തലയടിച്ച് വീണു.തലപൊട്ടി ചോര ഒലിക്കാൻ തുടങ്ങി. കാണാത്തതുപോലെ അഭിനയിച്ച് അമ്മയെനോക്കാതെ രേവതി അടുക്കളയിലേക്ക്പോയി.നേരം വേഗത്തിൽ പാഞ്ഞുകൊണ്ടിരുന്നു. പതിവിലും കുറേ വൈകിയാണ് ജോൺ വീട്ടിലേക്ക് വന്നത്. യാത്രാ ക്ഷീണം നന്നായുണ്ടായിരുന്നു.രേവതിയോട് അത്താഴം എടുത്തു വെക്കാൻ പറഞ്ഞുകൊണ്ടയാൾ മുറിയിലേക്ക് പോയി. രേവതി ഭക്ഷണം മേശപ്പുറത്ത് വെച്ചു. വാഷ് ബേസിനിൽ കൈകഴുകുന്നതിനിടെ മക്കളൊക്കെ കഴിച്ചോ എന്ന് ജോൺ രേവതിയോട് ചോദിച്ചു. ഉം എന്ന് മൂളയിട്ട് രേവതി ജോണിന് ഭക്ഷണം വിളമ്പി. അമ്മയെ കണ്ടില്ലല്ലോ? അമ്മ എവിടെ? അവിടെയെങ്ങാനും കാണുമെന്ന് രേവതിയുടെ മറുപടിയിൽ ജോണിന് എന്തോ സംഭവിച്ച പോലെ തോന്നി. അയാൾ പതിയെ അമ്മയുടെ മുറിയിലേക്ക് പോയി അവിടെ കണ്ട കാഴ്ച്ച അയാളെ ഞെട്ടിക്കുന്നതായിരുന്നു. നിലത്ത് ചോരയിൽ കുളിച്ച് കിടക്കുകയാണ് അമ്മ. അമ്മയെ കയ്യിൽ വാരിയെടുത്ത് ജോൺ ആശുപത്രിയിലേക്കോടി. ആദ്യം മടിച്ചെങ്കിലും രേവതിയും അയാളുടെ കൂടെ പോയി. സോറി മിസ്റ്റർ ജോൺ നിങ്ങൾ വളരെ വൈകിപ്പോയി.അമ്മമരിച്ചിട്ട് മണിക്കൂറുകളായി.ഡോക്ടറുടെ വാക്കുകൾ അയാളിലേക്ക് ഇടിതീ പോലെയായിരുന്നു പതിച്ചത്. സത്യമോ കള്ളമോ എന്നറിയാത്ത അവസ്ഥ. തല പുകയുന്നതുപോലെ തോന്നി. രേവതി വീഴാതിരിക്കാൻ ജോണിനെ പിടിച്ച് നിന്നു. താൻ ഒറ്റയൊരാളാണ് ഇതിനു കാരണം. പശ്ചാത്താപം അവളിൽ കണ്ണുനീരായി പെയ്യാൻ തുടങ്ങി. ഭൂമി പിളർന്നു താഴേക്ക് താണ് പോയേങ്കിൽ എന്നവൾ ആഗ്രഹിച്ചു പോയി.

“കണ്ണുള്ളപ്പോൾ നാം കണ്ണിന്റെ വിലയറിയുന്നില്ല. അതുപോലെ ആർക്കും പകരം വെക്കാനാവാത്ത നിധിയാണ് അമ്മ. ഒരിക്കലും നഷ്ടപ്പെടുത്തരുത് ഈ സ്നേഹത്തെ"!

മമത.വി.പി
8-F

# നമ്മളൊന്ന്

ഒരുമയോടരുമയോടെ വാണകാലം
എന്നും മതിവരാതോർക്കുന്ന നല്ല കാലം
എന്നുമൊരോർമ്മയായി മാറും കാലം
എൻ മനസ്സിലുള്ളോരാ നല്ലകാലം

നാമൊന്നായി നമ്മൾ ഒന്നായി വാണകാലം
മാവേലി വാണൊരാ പുണ്യകാലം
ഇന്നതൊരോർമ്മയായി മാറികാലം
നന്മയതെങ്ങോ പോയകാലം

നന്മ പോയി തിന്മ വന്നകാലം
നയനാംബുകളായിരം വീഴുംകാലം
ജാതിമതഭേദം വന്നകാലം
മനുഷ്യർ ഒന്നായി തെറ്റുംകാലം

കാലനായി കാലം മാറീടുംകാലം
മാനവ വർഗ്ഗത്തിൻ കഷ്ടകാലം
എങ്ങുപോയി നമ്മുടെ നല്ലകാലം
എന്നുവരുമാ നല്ലകാലം

നാം ഒന്നായി നമ്മൾ ഒന്നായി വാഴുംകാലം
മനുഷ്യർ മനുഷ്യനായി വാഴുംകാലം
എന്നുവരുമാ നല്ലകാലം
എങ്ങും തിളങ്ങുമാ നല്ല കാലം

ശിവകൃഷ്ണ
8-A

# TEARLESS! WORDLESS! BEGINS HERE!

My heart is trying to say something
But it can't.
My eyes are trying to express it
But they fail.
My lips are trying to shout
But it is silenced.
Yes, my journey to darkness begins !
Yes, my journey to silence begins !
know, my journey to solitude begins here
I am at beauty of " blank "
My mind shouts "Dark ! Dark !"
Now, my heart is wordless
Yes ! My eyes are tearless
It begins here......


Salha Salim
10-A



# ഗയയിൽ നിന്ന് വിരുന്നെത്തിയ മഹാബോധി മരം

## യാത്ര / എമ്മാർ

അനുരാധപുരത്ത് ബസ് ഇറങ്ങി ഒരു ജ്യൂസ് കഴിക്കാൻ സ്റ്റാന്റിനരികിലുള്ള കടയിൽ കയറിയതായിരുന്നു ഞങ്ങൾ. സാമാന്യം വലിയ ഒരു റസ്റ്റോറണ്ടായിരുന്നു അത്. പാത്രങ്ങളുടെ കലപിലയും വെയ്റ്റർമാരുടെ ബഹളവും കൊണ്ട് മുഖരിതമാണ് റസ്റ്റോറണ്ട്. വെയിറ്റർമാരിൽ സിംഹള സ്ത്രീകളാണ്. ഒരു ജ്യൂസിനു ഓഡർ നൽകിയ ശേഷം വെയിറ്റർ പെൺകുട്ടിയോട് ഞങ്ങൾക്ക് പോകേണ്ട അടുത്തുള്ള ഒരു സ്ഥലത്തെ കുറിച്ച് അന്വേഷിച്ചു. അവൾക്ക് തമിഴ് അറിയുമായിരുന്നില്ല. എന്നാൽ അൽപ സ്വൽപം ഇംഗ്ലിഷ് അറിയാം. അതിനിടെ, അവൾ എവിടെയാണ്, ആരാണ് എന്നൊക്കെ ചോദിച്ചറിഞ്ഞ് ഞങ്ങളെ പരിചയപ്പെട്ടു.



അവന്തി എന്നായിരുന്നു അവളുടെ പേർ. കുറെ വർഷമായി സൗദി അറേബ്യയിൽ ജോലി ചെയ്തുവരികയായിരുന്നു. സൗദി തൊഴിൽമേഖലയിൽ പ്രാദേശികവൽക്കരണം നടത്തുന്നതിന്റെ ഭാഗമായ നിതാഖാത്ത് നിയമക്കുരുക്കിൽ തൊഴിൽ നഷ്ടപ്പെട്ടു നാട്ടിൽ മടങ്ങി എത്തിയ അനേകരിൽ ഒരാൾ. മണിമണിയായി അറബി സംസാരിക്കും. ഞങ്ങൾ വർത്തമാനം പറഞ്ഞു കൊണ്ടിരിക്കെ അവൾ പറഞ്ഞു, നിങ്ങളുടെ നാട്ടുകാരായ ഒട്ടേറെ പേർ അനുരാധപുരത്തുണ്ട്. ഈ ഹോട്ടലിലും

മലയാളിയായ ഒരാൾ ജോലി ചെയ്യുന്നുണ്ട്. പറഞ്ഞു നാവെടുത്തില്ല, അപ്പോഴേക്കും കറുത്ത് തടിച്ച, ഏതാണ്ട് അമ്പതിനടുത്ത് പ്രായം തോന്നിക്കുന്ന ഒരാൾ അങ്ങോട്ട് കടന്നു വന്നു. ആ ഹോട്ടലിലെ മെയിൻ ഷെഫ് ആയിരുന്നു അയാൾ. അയാളുടെ മുഖം പുകയേറ്റ് വാടിയിരിക്കുന്നു.

ബേപ്പൂർകാരൻ ഹംസാക്ക!.നമ്മുടെ മാമുക്കോയക്കായുടെ ഒരു ലുക്കുണ്ട്. ഹംസാക്ക വർഷങ്ങളായി സൗദിയിൽ ആയിരുന്നു. അവിടെ നിന്നും പരിചയപ്പെട്ട ഒരു ശ്രീലങ്കക്കാരിയെ വിവാഹം ചെയ്തു. സൗദി വിട്ട ശേഷം ഇങ്ങോട്ട് പോന്നു. ഹംസാക്കയെ പോലെ ഗൾഫിൽ പ്രവാസജീവിതത്തിനിടെ പരിചയപ്പെട്ട ശ്രീലങ്കൻ സ്ത്രീകളെ വിവാഹം കഴിച്ച ധാരാളം ആളുകളുണ്ട്. തിരിച്ച്, മലയാളി പെൺകുട്ടികളെ ശ്രീലങ്കയിലേക്ക് വിവാഹം ചെയ്തുകൊണ്ട് വന്ന അനുഭവങ്ങളും അപൂർവമായാണെങ്കിലും ഉണ്ട്. സൗദിയിൽ നേഴ്സ് ആയി ജോലി ചെയ്തുകൊണ്ടിരിക്കെ അതേ ആശുപത്രിയിൽ ജോലി ചെയ്തിരുന്ന കൊളമ്പോക്കാരനെ കല്യാണം കഴിച്ച എന്റെ നാട്ടുകാരി സാബിറയെ എനിക്കോർമ വന്നു.

അന്ന് തന്നെ സമാനമായ മറ്റൊരു അനുഭവമുണ്ടായി.അനുരാധപുരം തെരുവിലൂടെ തെണ്ടിത്തിരിഞ്ഞു നടക്കുകയായിരുന്നു. ഉച്ച സമയമായിരുന്നു. നല്ല വിശപ്പുണ്ട്. ഒറ്റ നോട്ടത്തിൽ വലിയ കുഴപ്പമില്ലെന്ന് തോന്നിയ ഒരു ഹോട്ടലിൽ കയറി. സാമാന്യം വെടിപ്പുള്ള ഒരു ഇടത്തരം ഹോട്ടലായിരുന്നു അത്. മുൻവശത്ത് തന്നെ ഗ്ലാസ് പതിച്ച അലമാരയിൽ വിഭവങ്ങൾ നിരത്തി വെച്ചിട്ടുണ്ട്. സിംഹള ഭാഷ വശമില്ലാത്തത് കൊണ്ട് അപ്പവും മീൻ കറിയും ചൂണ്ടി ആംഗ്യത്തിൽ അതിനു ഓർഡർ ചെയ്തു. ഞാനും സഹയാത്രികൻ ഹാരിസും പലതും പറഞ്ഞു കൊണ്ടിരുന്നു. അതിനിടെ അയാൾ അടുത്ത് വന്നു, മലയാളത്തിൽ" അധികം എരിവ് വേണ്ടല്ലോ" എന്നു ചോദിച്ചു. ഞങ്ങൾ അയാളെ നോക്കി അന്തം വിട്ടു. ഇയാൾ മലയാളി ആണോ?കാഴ്ചയിൽ ഇയാൾക്ക് ഒരു മലയാളിത്തം ഇല്ലല്ലോ. ആകെകുടി കണ്ഫ്യൂഷൻ ആയി.

' നാട്ടിൽ എവിടെയാണ്?''അനുരാധപുരം' അയാൾ ചിരിച്ചു. ഇയാൾ തമാശയാക്കുക ആകുമെന്നു കരുതി. അതും പറഞ്ഞു അയാൾ ഭക്ഷണം എടുക്കാൻ പോയി. അല്പം കഴിഞ്ഞു ഞങ്ങൾ ഓർഡർ ചെയ്ത അപ്പവും മീൻകറിയുമായി അയാൾ വന്നു. ഭക്ഷണം മേശപ്പുറത്ത് വെച്ച ഗ്ലാസിൽ വെള്ളം ഒഴിച്ച് തന്നു കൊണ്ട് അയാൾ പറഞ്ഞു:' ഞാൻ ശ്രീലങ്കയിൽ തന്നെയാണ്. അടുത്ത് പുത്തലം ആണു വീട്'' അപ്പൊ, മലയാളം എങ്ങനെ അറിയാം'

'പത്ത് വർഷത്തിലധികം ഞാൻ ഖത്തറിൽ ആയിരുന്നു. ഒരു മലയാളി നടത്തുന്ന റസ്റ്റോറണ്ടിൽ ആയിരുന്നു ജോലി. കൂടെ പണി എടുത്തവരും ഭക്ഷണം കഴിക്കാൻ വരുന്നവരും മലയാളികൾ. അവരിൽ നിന്ന് മലയാളം പഠിച്ചു'.

ഭാഷയിൽ മാത്രമല്ല, അയാൾ ഉണ്ടാക്കിയ അപ്പത്തിനും മീൻകറിക്കും തനി കേരള സ്വാദ് ആയിരുന്നു.'ഞാൻ കറിക്ക് മസാലക്കൂട്ട് പ്രത്യേകമായി ഉണ്ടാക്കുകയാണ്. അതുകൊണ്ടാണ് നിങ്ങളുടെ രുചി കിട്ടുന്നത്'- അയാൾ പറഞ്ഞു. ഇങ്ങനെയൊക്കെയാണല്ലോ ഭാഷയും സംസ്കാരവും വളരുന്നത്!. ഭാഷയും രസക്കൂട്ടുകളും അതിരുകൾ കടക്കുന്ന വഴികൾ അവിശ്വസനീയമാണ്. വിവിധ ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന അനേകായിരം ശ്രീലങ്കക്കാർക്ക് മലയാളികൾ അടുത്ത സുഹൃത്തുക്കളാണ്. ആ സൗഹൃദം എല്ലാ മലയാളികളോടും മലയാളത്തോടുമുള്ള സ്നേഹമായി മാറിക്കൊണ്ടിരിക്കുന്നു!

## അനുരാധപുരത്തെ വിശുദ്ധ ആൽമരം

ബുദ്ധ-സിംഹള സമൂഹവുമായി ബന്ധപ്പെട്ട ഏറ്റവും പ്രാചീന ദേശമാണ് അനുരാധപുരം. പ്രസിദ്ധമായ ബുദ്ധമതതീർഥാടന കേന്ദ്രമാണിത്. എ.ഡി 11-ാം നൂറ്റാണ്ടുവരെ സിംഹളരാജാക്കന്മാരുടെ തലസ്ഥാനം അനുരാധപുരം ആയിരുന്നു. ഏറ്റവുമധികം ബുദ്ധപ്രതിമകളും സിംഹള സംസ്കാരവുമായി ബന്ധപ്പെട്ടവാസ്തുശില്പങ്ങളും അവശേഷിക്കുന്ന പ്രദേശം എന്ന പ്രത്യേകത കൊണ്ടാണ് അനുരാധപുരം ലോക ശ്രദ്ധനേടുന്നത്. ബി സി അഞ്ചാം നൂറ്റാണ്ടിൽ സിംഹളത്തിലെ ഒരു മന്ത്രിയായിരുന്ന അനുരാധനാണ് ഈ പ്രദേശം രാജസ്ഥാനമാക്കിയത് എന്നാണ കരുതപ്പെടുന്നത്. അനുരാധൻറെ പേരിൽ നിന്നാകണം അനുരാധാപുര എന്ന് പിന്നീട് ഈ പ്രദേശം വിളിക്കപ്പെട്ടത്. ഇപ്പോൾ അനുരാധപുരം ചരിത്രാവശിഷ്ടങ്ങളുടെ ഒരു കലവറ തന്നെയാണ്. യുനെസ്കോയുടെ പൈതൃകപട്ടികയിൽ അനുരാധപുരം ഉൾപ്പെടുന്നുണ്ട്. ഇപ്പോൾ തകർന്ന നിലയിൽ കാണുന്ന പല പൈതൃക സ്മാരകങ്ങളും ചോളൻമാരുടെ ആക്രമണങ്ങളെ കൂടി ഓർമ്മിപ്പിക്കുന്നുണ്ട്. എ ഡി 11-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ചോള സാമ്രാജ്യത്തിൻറെ അധിനിവേശത്തെ തുടർന്നു തലസ്ഥാനം അനുരാധപുരത്തു നിന്ന് പോളൊണ്ണരുപയിലേക്ക് മാറ്റപ്പെട്ടു. പിന്നീട് വന്ന സിംഹളരാജാക്കൻമാരും തലസ്ഥാനമായി

അനുരാധപുരത്ത് ഞങ്ങൾ ആദ്യം പോയത് ശ്രീ മഹാബോധി വിഹാരം കാണാനാണ്. അനുരാധപുരം എന്ന ബുദ്ധ തീർഥാടനകേന്ദ്രത്തിലെ ഏറ്റവും ചരിത്ര പ്രധാനമായ വിഹാരമാണ് ശ്രീ മഹാബോധി. തദ്ദേശീയരായ തീർഥാടകർക്ക് പുറമേ വിദേശികളായ ടൂറിസ്റ്റുകളും അവിടെ ധാരാളമായി വരുന്നുണ്ട്.

ബുദ്ധമത വിശ്വാസികൾ പവിത്രമായി കരുതുന്ന അതിപ്രാചീനമായ ഒരു ബോധി മരം ഇവിടെ സ്ഥിതി ചെയ്യുന്നതാണ് ശ്രീമഹാബോധി വിഹാറിനെ പുണ്യകേന്ദ്രമാക്കി മാറ്റുന്നത്. ഗൗതമ ബുദ്ധന് ജ്ഞാനോദയമുണ്ടായത് ബീഹാറിലെ ബോധഗയയിലെ ബോധി മരത്തിന്റെ ചുവട്ടിൽ വെച്ച് ആണെന്നാണല്ലോ വിശ്വസിക്കപ്പെടുന്നത്. ആ മഹാബോധി വൃക്ഷത്തിന്റെ തെക്കേ ഭാഗത്തുള്ള ശിഖരം കൊണ്ടുവന്ന് വളർത്തിയതാണ് അനുരാധപുറത്തെ മഹാബോധി.



മഹാബോധി വിഹാറിൽ രേഖപ്പെടുത്തിയ പ്രകാരം,അശോകചക്രവർത്തി തന്റെ മഹീന്ദ്രൻ എന്ന പുത്രനേയും സംഗമിത്ര എന്ന പുത്രിയേയും ബുദ്ധമതപ്രചരണാർഥം അനുരാധപുരത്തേക്ക് നിയോഗിച്ചപ്പോൾ ബുദ്ധഗയയിലെ ബോധിവൃക്ഷത്തിന്റെ ഒരു ശാഖ കൊണ്ടുവന്ന് ഇവിടെ നടുകയുണ്ടായി. ബി.സി 245 ൽ നട്ട ഈ മരമാണ് ചരിത്രത്തിൽ നട്ടു വളർത്തപ്പെട്ട മരങ്ങളിൽ അതിപ്രാചീനം എന്ന് ചരിത്രകാരനായ എച് ജി വെൽസ് രേഖപ്പെടുത്തിയുട്ടുണ്ട്. ഈ വൃക്ഷം ബുദ്ധവിശ്വാസികളെ മാത്രമല്ല അതിശയിപ്പിക്കുന്നത്. ഭക്തരെ അത് ആത്മീയമായാണ് ഉണർത്തുന്നതെങ്കിൽ ചരിത്ര കുതുകികളായ സന്ദർശകരെ, മനുഷ്യ ചരിത്രം കടന്നു പോയ 2300 വർഷങ്ങളുടെ ജീവൽസാക്ഷിയായ ഒരു മഹാവൃക്ഷം എന്ന കൗതുകമാണ് വിസ്മയിപ്പിക്കുന്നത്. മഹാബോധി മരത്തിന്റെ അടുത്ത് നിൽക്കുമ്പോൾ രാഷ്ട്രീയ അധിനിവേശങ്ങളുടെയും പ്രകൃതി ദുരന്തങ്ങളുടെയും ആയിരത്താണ്ടുകളുടെ ചരിത്രത്താളുകൾ മനസ്സിൽ ഒന്നൊന്നായി മറിഞ്ഞുവീണു. ഇത്രയേറെ ചരിത്ര സാക്ഷിയായ ഒരു ജീവവസ്തു ലോകത്ത് മറ്റേതുണ്ട്?.

ബുദ്ധമതത്തിൽ ആൽമരത്തിന് വലിയ പ്രാധാന്യമാണുള്ളത്. ബൗദ്ധ ആരാധനകളിൽ ബുദ്ധ പ്രതിമയും സ്തൂപവും പോലെ ബോധിമരവും ഒരു പ്രതീകമായി ഗണിക്കപ്പെടുന്നു. ബോധിമരം ബുദ്ധനെ പ്രതീകവൽക്കരിക്കുന്നു. ഈ വൃക്ഷത്തിന് സവിശേഷമായ ആത്മീയ ചൈതന്യം ഉണ്ടെന്നു ബുദ്ധ മതക്കാർ വിശ്വസിക്കുന്നു. അതിനാൽ ശ്രീ മഹാബോധിയിൽ എത്തുന്ന തീർഥാടകർ വൃക്ഷത്തെ ചുറ്റിപറ്റി പല കർമങ്ങളും നടത്തുന്നു. ബോധി മരത്തിനു കാണിക്കകളും പണവും പുഷ്പാർച്ചനയും നടത്തുന്നു. ഈ ജ്ഞാനവൃക്ഷത്തിന് ജീവിതത്തെ മാറ്റിമറിക്കാൻ സാധിക്കുമെന്നാണ് ബുദ്ധ വിശ്വാസം. കാലാകാലങ്ങളിൽ പ്രകൃതിയുടെ ക്ഷോഭമേറ്റ് പോറലേറ്റ മരത്തിന്റെ അവശേഷിക്കുന്ന ഭാഗങ്ങൾ സ്വർണ്ണംപൂശിയ തൂണുകൾകൊണ്ട് താങ്ങി നിർത്തിയാണ് സംരക്ഷിച്ചുവരുന്ന്

വിഹാരത്തിന് പുറത്തു ആമ്പൽ പൂക്കൾ വിൽക്കുന്ന സ്ത്രീകളിൽ നിന്നു പൂക്കൾ വാങ്ങി പോകുന്ന വിദേശികളെ കണ്ടിരുന്നു. ആ പൂക്കൾ ബോധി മരത്തിനു അർച്ചന ചെയ്യാൻ വേണ്ടിയുള്ളതായിരുന്നു. ശ്രീ മഹാബോധി വിഹാരത്തിൽ ദൈനം ദിന പ്രാർഥനകൾ, വാർഷിക ഉത്സവങ്ങൾ, ധ്യാനങ്ങൾ എന്നിങ്ങനെ പല പരിപാടികൾ നടക്കുന്നുണ്ട്. ബോധി വൃക്ഷത്തോട് ചേർന്നുള്ള മൈതാനത്തിൽ സംഘം സംഘമായി കുറെ സ്ത്രീകൾ നിശബ്ദമായി വളരെ സാവകാശം ചുവടുവെക്കുന്നത് കണ്ടു. ശുഭ്ര വസ്ത്രമാണ് എല്ലാവരും ധരിച്ചിരിക്കുന്നത്. മറ്റൊരു സ്ഥലത്ത് വിഹാര കവാടത്തിൽ ബുദ്ധ സന്യാസിമാർ ശരണ വചനങ്ങൾ ഉരുവിടുകയും അവിടെ കൂടിയിരിക്കുന്ന ഭക്ത ജനങ്ങൾ അത് ഏറ്റുചൊല്ലുകയും ചെയ്യുന്നു. അന്ന ദാനം, ജാതക കഥ വിവരണം, ധർമ പ്രഭാഷണങ്ങൾ തുടങ്ങിയവ എല്ലാ ദിവസവുമുണ്ട്. സിംഹള കലണ്ടറിനെ ആസ്പദമാക്കി വർഷത്തിൽ നാല് ഉത്സവങ്ങൾ ഇവിടെ കേമമായി കൊണ്ടാടുന്നുണ്ട്. ആ ഉത്സവങ്ങളിൽ പങ്കെടുക്കാനാണ് കൂടുതൽ തീർഥാടകർ എത്താറുള്ളത്. ഈ പാവന വൃക്ഷം കണ്ടും വണങ്ങിയും ആത്മനിർവൃതി കൊള്ളുന്ന ഭക്തന്മാരെയാണ് അവിടെ നമ്മൾ കണ്ടുമുട്ടുന്നത്.

ആൽമരം ഒട്ടേറെ ജൈവ സവിശേഷതകൾ ഉള്ള ഒരു വൃക്ഷമാണ്. ദീർഘായുസ്സാണ് ആലിന്റെ ഏറ്റവും വലിയ പ്രത്യേകത. മണ്ണില്ലെങ്കിലും വായുവിൽ നിന്ന് ജലാംശവും പോഷണങ്ങളും വലിച്ചെടുത്ത് നിലനിൽക്കാൻ അതിന് സിദ്ധിയുണ്ട്. പ്രതികൂല സാഹചര്യങ്ങൾ തരണം ചെയ്തു വളരാൻ ആൽമരത്തിന് സാധിക്കുന്നു. അതുകൊണ്ട് തന്നെ വിജ്ഞാന ദാഹികൾക്ക് മാതൃകയായി ഉപനിഷത്തുക്കളിൽ ആൽമരത്തെ പരാമർശിച്ചിട്ടുണ്ട്. ഇതുകൊണ്ട് ഒക്കെയാവാം ഗൌതമ ബുദ്ധൻ തന്റെ തപസ്സിനു ഒരു പ്രതീകം എന്ന നിലയിൽ ആൽമരത്തണൽ തെരഞ്ഞെടുത്തത്. പ്രകൃതിയെയും പരിസ്ഥിതിയെയും ജ്ഞാനാന്വേഷണങ്ങളുടെ കേന്ദ്രമാക്കണം എന്ന ദാർശനികപാഠവും അത് ഉൾക്കൊള്ളുന്നു. എന്നാൽ ബുദ്ധമതം സ്ഥാപനവൽക്കരിക്കപ്പെട്ടതോടെ മറ്റെല്ലാ മതങ്ങളിലും സംഭവിച്ച പോലെ ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും അതിലെ പ്രതീകങ്ങളെ മറികടക്കുന്ന പ്രാധാന്യം കൈവന്നു എന്നു തോന്നുന്നു. ബോധിമരത്തിന് ഭക്ഷണ വസ്തുക്കൾ നൈവേദ്യമായി നൽകാൻ ക്യൂ നിൽക്കുന്ന ഭക്തജനങ്ങളെ കണ്ടപ്പോൾ അങ്ങനെയാണ് തോന്നിയത്. ആൽമങ്ങളെ അരാധിക്കലും അവയിൽ കുടിയിരിക്കുന്നുവെന്ന് കരുതപ്പെടുന്ന ദേവതകളെ പൂജിക്കലും ലോകത്തിന്റെ പല ഭാഗങ്ങളിലും നടന്നു വരുന്ന ആചാരങ്ങളാണ്. ഹിന്ദുക്കൾ മന്ത്രം ജപിച്ചുകൊണ്ട് അരയാലിനെ പ്രദക്ഷിണം ചെയ്യുന്ന പതിവുണ്ട്. ഹൈന്ദവ സങ്കല്പമനുസരിച്ച് അരയാൽ വൃക്ഷത്തിന്റെ വേരിൽ ബ്രഹ്മാവും കാണ്ഡത്തിൽ വിഷ്ണുവും അഗ്രത്തിൽ ശിവനും വസിക്കുന്നു. ആൽമരങ്ങൾക്ക് നമ്മുടെ നാട്ടിലും വലിയ പവിത്രത കൽപ്പിക്കപ്പെടുന്നത് അതുകൊണ്ടാവാം.

വിശുദ്ധ ബോധിമരത്തോട് ചേർന്ന് ബുദ്ധന്റെ പ്രതിമകളുള്ള കുറെ വിഹാരങ്ങളും തീർഥാടകർക്ക് വേണ്ടിയുള്ള സൌകര്യങ്ങളും ബുദ്ധഭിക്ഷുക്കളുടെ താമസസ്ഥലങ്ങളും മറ്റുമുണ്ട്. വിഹാരത്തോടു ചേർന്നുള്ള വലിയ കെട്ടിടത്തിനു മുന്നിലൂടെ നടക്കുമ്പോൾ വെള്ള ടീ ഷർട്ടും വെള്ള പാന്റ്സും ധരിച്ച ഒരാൾ ഞങ്ങളെ പരിചയപ്പെട്ടു. അദ്ദേഹം അവിടെ സേവന നിരതനായ ഒരു വളണ്ടിയർ ആയിരുന്നു. പോലീസിൽ ഉയർന്ന ഉദ്യോഗസ്ഥനാണദ്ദേഹം എന്നു പിന്നീട് മനസ്സിലായി.

'നിങ്ങൾ ഭക്ഷണം കഴിച്ചിട്ടുണ്ടോ?"ഇല്ല. സന്ദർശനം കഴിഞ്ഞു മടങ്ങുമ്പോൾ കഴിക്കാമെന്നു ഓർത്തു" ആശ്രമത്തിൽ ഭക്ഷണം ഉണ്ടല്ലോ. വിരോധമില്ലെങ്കിൽ ഇവിടെ നിന്ന് കഴിക്കാം'ഞങ്ങൾ മറുത്തൊന്നും പറഞ്ഞില്ല. അയാൾ ഞങ്ങളെയുമായി ഭോജനശാലയിലേക്ക് പോയി. വിശാലമായ ഒരു ഹാൾ ആയിരുന്നു അത്. പല തരത്തിലുള്ള വെജിറ്റേറിയൻ ഭക്ഷണങ്ങൾ നിരത്തിയിട്ടുണ്ട്. ഭക്ഷണം കഴിക്കാനിരിക്കുന്നവരിൽ അധികവും വിശിഷ്ടാതിഥികൾ ആയിരുന്നു. പലരും ഞങ്ങളെ വന്നു പരിചയപ്പെട്ടു. ഭക്ഷണം വിളമ്പി സൽക്കരിച്ചു. ഒന്നാന്തരം ഫുഡ്!.

ശ്രീലങ്കയിലെ സിംഹളരെ പറ്റി പലപ്പോഴും മോശം ചിത്രമാണ് നമ്മുടെ മനസ്സിൽ. അതിൽ ശരിയുണ്ട് താനും. ആഭ്യന്തര കലാപം നടക്കുന്ന കാലത്ത് ശ്രീലങ്കയിലെ സിംഹള ഭൂരിപക്ഷ ഭരണകൂടം തുല്യതയില്ലാത്ത ക്രൂരതകൾ തമിഴ് ജനതയോട് കാണിച്ചിട്ടുണ്ട്. സൈന്യം കാണിച്ച കൊടിയ ക്രൂരതകളുടെ ഇരകൾ ഇന്നും നരക യാതന അനുഭവിക്കുന്നുണ്ട്. തമിഴ് ഭൂരിപക്ഷ മേഖലകളിലൂടെ സഞ്ചരിക്കുമ്പോൾ ഇപ്പോഴും സാധാരണക്കാരായ തമിഴർ ഗദ്ഗദത്തോടെ ആ കരാള കാലം ഓർക്കും. അഹിംസയും കാരുണ്യവും മുഖമുദ്രയായ ബുദ്ധ മതത്തിന്റെ അനുയായികൾക്ക് എങ്ങനെ ഇങ്ങനെ ക്രൂരത കാണിക്കാൻ സാധിക്കുമെന്നു മൂക്കത്ത് വിരൽവെച്ചു പോയ അനുഭവങ്ങൾ ലോകത്ത് വേറെയും ഉണ്ടല്ലോ. മ്യാന്മാറിൽ രോഹിങ്ക്യകളെ ഉന്മൂലനം ചെയ്യുന്നതും ബുദ്ധസന്യാസികളുടെ നേതൃത്വത്തിൽ ആണല്ലോ. സൈന്യം മാത്രമല്ല വംശീയ വാദികളായ സിംഹള പൗരാവലിയും തമിഴർക്കെതിരെ തിരിഞ്ഞിരുന്നു. ഇതൊക്കെ ആണെങ്കിലും ആ ഭരണകൂട ഹിംസയും ന്യൂനപക്ഷമായ വംശീയവാദികളുടെ ചെയ്തികളും മുന്നിൽ വെച്ച് സിംഹളർ എല്ലാവരും അങ്ങനെ ആണെന്നു വിധിക്കുന്നതും ശരിയല്ല. ശ്രീമഹാബോധി വിഹാറിൽ അത്തരമൊരു വിധിതീർപ്പിനെ നിരാകരിക്കുന്ന അനുഭവമായിരുന്നു ഞങ്ങൾക്ക് ഉണ്ടായത്.

## സിംഹളരുടെ സാംസ്കാരിക ഭൂമിക

സിംഹള സംസ്കാരം നേർക്കുനേർ കാണാൻ ഏറ്റവും ഉചിതമായ സ്ഥലം അനുരാധപുരം തന്നെയാണ്. തമിഴരിൽ നിന്നും ഏറെ വ്യത്യാസമുണ്ട് അവരുടെ ജീവിത രീതികൾക്ക്. സരോംഗ്

എന്നറിയപ്പെടുന്ന, നമ്മുടെ മുണ്ട് പോലെയുള്ള തുണിയും ജുബ്ബ പോലെ നീളൻ ഷർട്ടുമാണ് പുരുഷന്മാരുടെ വേഷം. സ്ത്രീകൾ ഹാഫ് ജാക്കറ്റിന് മുകളിൽ ചേല ചുറ്റുന്നു. എന്നാൽ പുതിയ തലമുറ ആധുനിക പാശ്ചാത്യ വേഷങ്ങൾ തന്നെയാണ് അണിയുന്നത്. വിഹാരങ്ങളിൽ പോകുമ്പോഴും ആചാര ചടങ്ങുകളിലും സിംഹള സ്ത്രീകൾ കണ്ട്യൻ എന്ന് പേരുള്ള പരമ്പരാഗത വസ്ത്ര ധാരണ രീതിയാണ് പിന്തുടരുന്നത്.സിംഹള സംസ്കാരത്തിൽ ബുദ്ധമതത്തിന്റെ മുദ്രകളാണല്ലത്.ബുദ്ധമതത്തിലെ സിംഹള ഭാഷക്കുമുണ്ട് മലയാളവുമായി പൊക്കിൾകൊടി ബന്ധം. ജാതി,മത ഭേദമില്ലാതെ മലയാളത്തിലെ ശരണം വിളിയുടെ വാക്കായ 'അയ്യോ' പോലും സിംഹള സംസ്കാരത്തിന്റെ സ്വാധീനമാണ്. അയ്യൻ എന്ന പദത്തിന് ബുദ്ധൻ എന്നും അർത്ഥമുണ്ട്. ധർമ്മശാസ്താവ് എന്ന സംസ്കൃതപദവും ബുദ്ധന്റെ പര്യായമാണ്. പതിനാറു നൂറ്റാണ്ടുകൾ മുൻപ് മുതൽക്ക് തന്നെ ബൌദ്ധ സംസ്കാരത്തിന് കേരളവുമായുള്ള ബന്ധം ആരംഭിച്ചിരിക്കാമെന്ന്സൂചന നൽകുന്ന പട്ടണം പുരാവസ്തു തെളിവുകൾ, കേരളീയ, സിംഹള സംസ്കാരങ്ങൾ തമ്മിലെ ആദാന പ്രദാനങ്ങൾ സംബന്ധിച്ച വിശദമായ പഠനത്തിനു വെളിച്ചം നൽകുന്നുണ്ട്.

വാസ്തുവിദ്യയിൽ അനുരാധപുരം ശൈലി പ്രസിദ്ധമാണ്. അതി പ്രാചീനമായ നിർമാണ മാതൃകകളിൽ അനുരാധപുരം ശൈലി ഉയർന്നു നിൽക്കുന്നു. ലോകത്തിന്റെ പല ഭാഗത്തുമുള്ള പ്രാചീന സൗധങ്ങൾ ആ മാതൃകയിൽ പണിയപ്പെട്ടതാണ്. തെക്കൻ കേരളത്തിൽ ബുദ്ധ വേരുകളുള്ള പുരാതന ക്ഷേത്രങ്ങൾ പലതും അനുരാധപുരം ശൈലിയിൽ ആണെന്ന് പുരാവസ്തു വിദഗ്ധർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

'അനുരാധപുരം കൂട്ടകൊല'യുടെ ഭാഗമായാണ് ബുദ്ധ വിഹാരത്തിലും കലാപകാരികളായ തമിഴ് പുലികൾ ഇരച്ചു കയറിയത്. 1985 മേയിലായിരുന്നു ആ സംഭവം. തമിൾ അധിവാസ കേന്ദ്രത്തിനു പുറത്ത് എൽ.ടി.ടി.ഇ നടത്തിയ പ്രഥമ ഓപ്പറേഷൻ കൂടിയാണ് അനുരാധപുരം സംഭവം. തട്ടിയെടുത്ത ഒരു യാത്രാ ബസ്സുമായി അനുരാധപുരത്തേക്കു പ്രവേശിച്ച തമിഴ് പുലികൾ അവിടെ ബസ്സ് സ്റ്റേഷനിൽ നിന്നിരുന്ന ജനങ്ങളുടെ നേർക്ക് യന്ത്രത്തോക്കുകളുപയോഗിച്ച് നിറയൊഴിക്കുകയായിരുന്നു. തുടർന്നാണ് ശ്രീമഹാ ബോധി വിഹാരത്തിൽ കയറി അവിടെയുണ്ടായിരുന്ന ബുദ്ധഭിക്ഷുക്കളുടെ നേരെ വെടിയുതിർത്തത്. പിന്നീട് പുലികൾ വിൽപാട്ടു ദേശീയോദ്യാനത്തിലേക്കു കടക്കുകയും അവിടെയുണ്ടായിരുന്ന 18 സിംഹള പൗരന്മാരെ വധിക്കുകയും ചെയ്തു. സ്ത്രീകളും, കുട്ടികളും, പുരുഷന്മാരും ഉൾപ്പെടെ 146 പേർ കൊല ചെയ്യപ്പെട്ട ആ സംഭവം തമിഴർക്ക് എതിരെ സിംഹള വംശീയ വികാരം ആളിക്കത്തിക്കുന്നതിൽ ചെറിയ പങ്കല്ല വഹിച്ചത്. ആ കൂട്ടക്കൊലയുടെ സ്മാരകമെന്നോണം ഭിത്തിയിലെ ദ്വാരങ്ങൾ നമ്മെ തുറിച്ചു നോക്കുന്നു.

## എട്ടു സ്മാരക സ്തൂപങ്ങൾ

ഭോജന ശാലയിൽ വെച്ച് പരിചയപ്പെട്ട ബുദ്ധവിശ്വാസികൾ അടമസ്ഥാനം എല്ലാം കണ്ടോ എന്ന് അന്വേഷിച്ചിരുന്നു. അനുരാധപുരം എന്നാൽ അടമസ്ഥാനമാണ്, അത് കാണാതെ മടങ്ങരുത് എന്നവർ സ്നേഹപൂർവ്വം ആവശ്യപ്പെട്ടിരുന്നു. പൈതൃക സ്മാരകങ്ങൾ കണ്ടിട്ട് മടങ്ങിയാൽ മതി എന്ന ഞങ്ങളും തീർച്ചയാക്കിയിരുന്നു. ഭക്ഷണം കഴിച്ച മടങ്ങുമ്പോൾ പുണ്യകേന്ദ്രങ്ങളുടെ ഒരു ലൊക്കേഷൻ മാപ്പ് തന്നേല്പ്പിക്കാൻ ആ പോലീസ് വളണ്ടിയർ മറന്നില്ല.

ശ്രീബോധി വിഹാർ ഉൾപ്പെടെ എട്ടു സ്മാരക സ്തൂപങ്ങൾ ചേർന്ന അടമസ്ഥാനം (Atamasthana) ബുദ്ധ വിശ്വാസികളുടെ പുണ്യ തീർഥാടന കേന്ദ്രമാണ്. മൂന്ന ഘട്ടങ്ങളിലായി ശ്രീബുദ്ധൻ ഈ പ്രദേശം സന്ദർശിച്ചിട്ടുണ്ടെന്നാണ് വിശ്വാസം. ഈ സ്മാരക സ്തൂപങ്ങൾ ബുദ്ധന്റെ



ഭൗതികാവഷിഷ്ടങ്ങൾ സൂക്ഷിച്ചിട്ടുള്ളവയാണ്. അതിനാൽ ബുദ്ധ തീർഥാടകർ ഈ അഷ്ടസ്തൂപങ്ങൾക്ക് വമ്പിച്ച വിശുദ്ധി കൽപ്പിച്ച വരുന്നു. ചോള രാജാവായ എലാറയെ പരാജയപ്പെടുത്തി ധീരവിജയം നേടിയ സിംഹള രാജാവ് ഡുട്ടുഗമുന പണിത റുവൺവേലി സ്തൂപമാണ് ഇതിൽ ഒന്നാമത്. തന്റെ രാജപ്രതാപം ലോകത്തിന് മുന്നിൽ വാനോളം ഉയർത്തി കാണിക്കാൻ മനോഹരമായ ഒരു സ്തൂപം പണിയാൻ അദ്ദേഹം തീരുമാനിക്കുകയായിരുന്നു. അദ്ദേഹം ബി സി 137-ൽ പണിത ആ സ്തൂപത്തിനുള്ളിലാണത്രെ ശ്രീ ബുദ്ധന്റെ ഭൗതികാവഷിഷ്ടങ്ങളിൽ ഏറെയും. റുവൺവേലി സ്തൂപം പണി തീർന്ന കണ്ടു മരിക്കണമെന്നായിരുന്നു ഡുട്ടുഗമുസ്തൂപം വെള്ളശീല പുതപ്പിച്ച രാജാവിന് കാഴ്ച വെച്ചു. അത് കണ്ടു മനം നിറഞ്ഞു തന്റെ അന്ത്യാഭിലാഷം പൂവണിഞ്ഞ

ആത്മസംതൃപ്തിയോടെ രാജാവ് കണ്ണടച്ചു എന്നാണ കഥ!

ഥുപരമയ സ്തൂപമാമാണ് രണ്ടാമത് വരുന്നത്. അശോക ചക്രവർത്തി തേരാവാഥ ബുദ്ധിസം പ്രചരിപ്പിക്കാൻ ഒരു സംഘത്തെ ശ്രീലങ്കയിലേക്ക് അയച്ചപ്പോൾ അദ്ദേഹത്തിന്റെ അഭ്യർത്ഥന പ്രകാരം ദേവനംപിയ ടിസ്സ രാജാവ് പണി കഴിപ്പിച്ചതാണ് ഈ സ്മാരകം. ബി സി 236-ൽ പണി കഴിച്ച ഈ സ്തൂപം ലോകത്ത് ഏറ്റവും പഴക്കമുള്ള ബുദ്ധ സ്മാരകങ്ങളിൽ ഒന്നായി ഗണിക്കപ്പെടുന്നു. ബുദ്ധ സംന്യാസിമാരുടെ താമസ സ്ഥലമായാണ് ഇത് പണിതത്. ശ്രീബുദ്ധന്റെ വലത്തെ കഴുത്തെല്ല് ഈ സ്തൂപത്തിനകത്ത് സൂക്ഷിച്ചിരിക്കുന്നു എന്നു വിശ്വസിക്കപ്പെടുന്നു. മിരിസവേതിയ സ്തൂപം ആണ് അടുത്തത്. ബി സി 161-ൽ ഡുട്ടുഗമുനു രാജാവാണിതും പണിതത്. എലാറ രാജാവിനെ തറപറ്റിച്ച് വിജയശ്രീലാളിതനായി വന്ന ഡുട്ടുഗമുനു തന്റെ ചെങ്കോലിൽ ബുദ്ധമുദ്ര പതിപ്പിച്ച ശേഷം ടിസവേവയിൽ പോയി സ്നാനം ചെയ്തു മടങ്ങി. ആ ചെങ്കോൽ പിന്നെ തിരികെ എടുക്കാതെ ഒരു സ്തൂപം പണിത് അതിൽ കുടിയിരുത്തി. അതാണ് ഥുപരമായ എന്നാണ ഐതീഹ്യം.

വലഗംബ രാജാവ് ബി സി 89-77-ൽ പണിത ലങ്കരാമാ സ്തൂപം ആണ് പിന്നീട് വരുന്നത്. ഈ സ്തൂപത്തിൽ ബുദ്ധന്റെ അരപ്പട്ട സൂക്ഷിച്ചിരിക്കുന്നു എന്നാണ വിശ്വസിക്കുന്നത്. മൂന്നു മീറ്റർ ഉയരവും 14 മീറ്റർ വ്യാസവുമുള്ള ഈ സ്തൂപം മനോഹരമാണെങ്കിലും ഇപ്പോൾ നിലവിലുള്ള സ്തൂപത്തിനു അതിന്റെ ആദിമ നിർമിതിയുമായി യാതൊരു ബന്ധവുമില്ലെന്ന് ആരോപിക്കപ്പെടുന്നുണ്ട്. അഷ്ട സ്തൂപങ്ങളിൽ ആറാമാത്തെത് അഭയഗിരി സ്തൂപം. ബി സി 89-77-ൽ അലകംബ രാജാവ് നിർമിച്ച സ്മാരക സ്ഥുപമാണിത്. ബുദ്ധൻറെ പാദമുദ്ര പതിഞ്ഞ പുണ്യ സ്ഥലമാണിതെന്ന് കരുതുന്നു. ജേതവനാർമായയാണ് തുടർന്ന് വരുന്നത്. നിർമിക്കപ്പെട്ട കാലത്ത് ഈജിപ്ഷ്യൻ പിരമിഡുകൾ കഴിഞ്ഞാൽ ലോകത്തെ മൂന്നാമത്തെ ഉയരം കൂടിയ നിർമിതി ജേതവനാർമായ ആയിരുന്ന്ഡുട്ടുഗമുനു പണിത ഈ കെട്ടിടം വേദപഠനത്തിനുള്ള ഹാളും ഊട്ടുപുരയും ഉൾക്കൊള്ളുന്നതായിരുന്നു. ആയിരത്തി അറുന്നൂറു സ്തംഭങ്ങളിൽ ആണിത് പണിഉയർത്തിയിരുന്നത്. ആ സ്തംഭങ്ങൾ ഇപ്പോഴും ഇവിടെ ശേഷിക്കുന്നുണ്ട്. ശ്രീലങ്കൻ ആഭ്യന്തരകലാപം അനുരാധപുരത്തെ ചരിത്ര സ്മാരകങ്ങളിൽ വലിയ തോതിലുള്ള കേടുപാടുകൾ ഒന്നും വരുത്തിയിട്ടില്ല. എങ്കിലും കാലപ്പഴക്കം കൊണ്ട് പലതും നശിച്ചു തുടങ്ങിയിട്ടുണ്ട്. കേവലം ബുദ്ധ തീർഥാടക കേന്ദ്രം എന്നതിലപ്പുറം മനുഷ്യരുടെ സാംസ്കാരിക ചരിത്രത്തിൽ ഈ ശേഷിപ്പുകൾക്കുള്ള പ്രാധാന്യം പരിഗണിച്ചു ഇവ പരിരക്ഷിക്കപ്പെടണം. എന്നാൽ ഇപ്പോൾ ഇവിടെ നടക്കുന്ന പുനരുദ്ധാന പ്രവർത്തനങ്ങൾ അതിന്റെ പ്രാചീനമായ തനിമയും മൗലികമായ സൗകുമാര്യതയും ഇല്ലാതാക്കുന്നുണ്ടോ എന്ന ആശങ്ക എന്റെ മനസ്സിലൂടെ കടന്നു പോയി.

അഭായഗിരി സ്മാരകം കണ്ടുമടങ്ങുമ്പോഴാണ് അതിനടുത്തുള്ള വിശാലമായ ഒരുകുളം കണ്ണിൽ പെട്ടത്. നാലുചുറ്റും കൽപ്പടവുകൾ. കൽപ്പടവുകളിൽ പലതരം കൊത്തുപണികളുണ്ട്. കുളത്തിലെ കണ്ണാടി പോലെ തെളിഞ്ഞ പച്ചനിറമുള്ള വെള്ളത്തിൽ ചുറ്റുമുള്ള വൃക്ഷങ്ങളുടെ പ്രതിബിംബം ഒരു ജലച്ചായചിത്രം വരച്ചിട്ടു. 'കുട്ടംപോകുണ' എന്നാണ ഈ കുളത്തിന്റെ പേര്. വാസ്തവത്തിൽ ഇത് ഇരട്ടക്കുളങ്ങളിൽ ഒന്നാണ്. ഇതിന്റെ വടക്ക് വശം സമാനമായ മറ്റൊരു കുളം കൂടി ഉണ്ട്. അവ രണ്ടും അടിയൊഴുക്കുകൾ കൊണ്ട്പരസ്പരം ബന്ധിതമാണ്. സഹസ്രാബ്ദങ്ങൾ പഴക്കമുള്ള ഈ ഇരട്ടക്കുളം അനുരാധപുരത്ത് പ്രാചീനകാലത്ത് നിലനിന്ന ജലാസൂത്രണപദ്ധതികളുടെ തെളിവാണ്. ഈ കുളങ്ങൾ ബുദ്ധ ഭിക്ഷുക്കൾക്ക് സ്നാനശുദ്ധിവരുത്താൻ വേണ്ടി പണിതതായിരിക്കാം.

കുളത്തിനോട് ചേർന്ന് കരിങ്കല്ലിൽ പണിത ഒരു ചാരുമഞ്ചം കണ്ടു. മനോഹരനായ ഒരു ശിൽപമായിരിക്കുന്നു അത്. നടന്ന് ക്ഷീണിച്ചത് കൊണ്ട് ആ പുരാതന ഇരിപ്പിടത്തിൽ കുറച്ച് നേരം തണുത്ത കാറ്റ് കൊണ്ടിരിക്കാൻ ഒരു ചോദനയുണർന്നു. തോളിലെ ബാഗ് മഞ്ചത്തിന്റെ വശത്ത് അഴിച്ച് വെച്ച് നീണ്ട് നിവർന്ന് കിടന്നു. നാലുപാടും ഉയർന്നു നിൽക്കുന്ന കുറ്റൻ സ്തൂപങ്ങളും പഴയ വിഹാരങ്ങളും ബുദ്ധപ്രതിമകളും മരങ്ങളും ഇരട്ടക്കുളവുമെല്ലാം ചേർന്ന അന്തരീക്ഷം ബോധമണ്ഡലത്തെ യുഗങ്ങൾക്ക് പുറകിലേക്ക് പറത്തിക്കൊണ്ട് പോകുന്നു.



ചരിത്രം കലങ്ങി മങ്ങിയ ഓർമ്മകളുടെ ഇരട്ടക്കുളത്തിൽ മനസ്സ് അൽപനേരം മുങ്ങി നിവർന്നപ്പോൾ അനർഘമായ ഒരു ഉന്മേഷം അനുഭവപ്പെട്ടു. മനുഷ്യ ചരിത്രം കടന്ന് പോന്നിട്ടുള്ള അനന്തമായ വഴികളെ കുറിച്ച് ചിന്തിക്കുമ്പോഴാണ് വംശീയമായ സങ്കുചിതത്വങ്ങളുടെയെല്ലാം അന്തസ്സാര ശൂന്യത ബോധ്യമാകുക. യേശുവിനും മുന്നെ മനുഷ്യബോധത്തെ ആത്മജ്ഞാനം കൊണ്ട് നവീകരിച്ച ബുദ്ധന്റെ ദർശനങ്ങൾ മാനവ ചരിത്രത്തിനു നൽകിയ സംഭാവനകൾ എങ്ങനെയാണ്

വിസ്മരിക്കാനാവുക. ഇന്നും മനുഷ്യന്റെ ആത്മാന്വേഷണ തീർത്ഥാടനങ്ങൾ ബോധിമരച്ചുവട്ടിലെ ആദിമ വെട്ടത്തിൽ എത്തിച്ചേരുന്നു. മോഹങ്ങളുടെ അടിമകളാകരുതെന്ന ബൗദ്ധ ദർശന സാരം തന്നെയാണല്ലോ എല്ലാ മതങ്ങളുടെയും ദർശനങ്ങളുടെയും നാരായ വേരു. ആ മതങ്ങളുടെയും ദർശനങ്ങളുടെയും പേരിൽ തന്നെ ചരിത്രത്തിൽ കൂട്ടക്കുരുതികൾ ഉണ്ടായി, രക്തപ്പുഴകൾ ഒഴുകി. കൊല്ലും കൊലയും വെട്ടിപ്പിടുത്തങ്ങളും ഇന്നും അഭംഗുരം തുടരുന്നു. മോഹങ്ങൾ ഹിംസകൾ സൃഷ്ടിച്ചു കൊണ്ടേയിരിക്കുന്നു. ഏതാനും വർഷം മുമ്പ് വംശീയ ദുരഭിമാനം മൂത്ത് തമിഴ് തീവ്രവാദികൾ സിംഹളരോട് ഏറ്റുമുട്ടിയതും അതിലേറെ ശക്തിയോടെ സിംഹളർ തിരിച്ചടിച്ചതും അനുരാധപുരത്തെ ഈ കൂറ്റൻ ബുദ്ധ പ്രതിമകളെ സാക്ഷി നിർത്തി ആയിരുന്നു എന്നതാണു ചരിത്രത്തിലെ വിചിത്രമായ ഐറണി!

കാടുകയറിയ ചിന്തകളിൽ വകഞ്ഞ് മാറ്റി സമയബോധം വീണ്ടെടുത്ത് ഞാൻ കൽമഞ്ചത്തിൽ നിന്ന് എഴുന്നേറ്റു. അപ്പോൾ അടുത്തുള്ള വൃക്ഷത്തലപ്പിൽ നിന്ന് ഊർന്ന് ചാടി ഒരു വാനര പുത്രൻ എന്റെ നേരെ വന്നു. ഞാൻ ബാഗ് എടുത്ത് തോളിലിട്ട് അവനു നേരെ കയ്യോങ്ങി. ഇളിച്ച് കാട്ടി അവൻ അപ്പുറത്തെ വാനരക്കൂട്ടത്തിലേക്ക് പിൻവാങ്ങി. ഒരു പ്ലാസ്റ്റിക് കൂടിലുള്ള അരിയും തേങ്ങാകൊത്തും മലരും താമരപ്പൂക്കളും മറ്റും സ്വന്തമാക്കാൻ കലഹിക്കുകയായിരുന്നു വാനര സേന. ശ്രീമഹാബോധിയിൽ ഭക്തന്മാർ നിവേദിച്ച ദ്രവ്യങ്ങളായിരുന്നു അത്!. പകുതി കണ്ണു തുറന്ന് വെച്ച് ധ്യാനനിമഗ്നനായ ബുദ്ധ പ്രതിമയിലേക്ക് ഒരിക്കൽ കൂടി കണ്ണെറിഞ്ഞ് ഞാൻ കുളക്കരയിൽ നിന്ന് മടങ്ങി.

# എന്റെ മഴ

അലറിക്കരയുകയാണോ മഴ
അലറിച്ചിരിക്കുകയാണോ മഴ
അറിയില്ല, എങ്കിലും മഴ തൻ മിഴിയിലായ്
കണ്ണീര് കാണ്മൂ ഞാൻ എന്നിലൂടെ!
സൂര്യകിരണങ്ങൾ തള്ളിമാറ്റിക്കൊണ്ട്
ദുഃഖിതയായി മഴ കേഴുകയായ്
മേഘങ്ങളൊക്കെയും കാർമേഘമാക്കി
കരയുകയാ മഴ.... തേങ്ങുകയാ...!
അറിയാം മഴയ്ക്കുമാ സത്യമെന്ന്
അറിയാമെനിക്കിന്ന് വ്യക്തമായി
ഞാനുമെൻ ദുഃഖങ്ങൾ കഴുകിക്കളയാറ്
മഴയിലാണെന്ന വലിയ സത്യം!
അതുമാത്രമാകാമെന്റെയുള്ളിൽ
മഴ കരയുകയാണെന്ന് തോന്നിച്ചത്...!
കരയുകയാണെന്ന് തോന്നിച്ചത്....!

ഗോപിക അശോക്
*8-A*

# ധർമ്മിഷ്ഠനായ രാധേയൻ

മലയാള സാഹിത്യത്തിലെ പ്രശസ്ത നോവലിസ്റ്റ് ശ്രീ. പി.കെ ബാലകൃഷ്ണന്റെ തൂലികയിൽ നിന്നും അടർന്നു വീണ വളരെ വിരാജനശക്തിയോടെ നിൽക്കുന്ന നോവലാണ് 'ധർമ്മിഷ്ഠനായ രാധേയൻ'. ഈ നോവലിലെ പ്രഥമ കഥാപാത്രമാണ് കർണ്ണൻ. മഹാഭാരതത്തിലെ തന്നെ സ്ഫുരിത ശക്തിയായിരുന്നു കർണ്ണൻ. സുഖവും സന്തോഷവും സൗകര്യവും കുമിഞ്ഞുകൂടിക്കിടക്കുന്ന സുവർണ്ണമായ രാജകീയ ജീവിതവും സകല രാജ്യത്തിന്റെ അധിപൻ എന്ന സ്ഥാനവും സിംഹാസനവും ബന്ധുബലവും ബഹുമാനാദരങ്ങളും ഒക്കെത്തന്നെ ഒരു മടിയും കൂടാതെ ആത്മാർത്ഥതയോടും സസന്തോഷത്തോടും കൂടി കർണ്ണൻ വേണ്ടെന്നു വയ്ക്കുന്നു. അതും തന്റെ മിത്രത്തിനു വേണ്ടി. കാരണം ആയുധവിദ്യാപ്രയോഗ ദിവസം, യുദ്ധത്തിൽ താൻ ആരുടെ പക്ഷത്താണ് നിലയുറപ്പിക്കേണ്ടത് എന്നു പോലും തീരുമാനിക്കപ്പെടാത്ത അവസ്ഥയിൽ, അച്ഛനമ്മമാർ ആരാണെന്നും കുലം ഏതാണെന്നും ഉള്ള കൃപന്റെ ചോദ്യത്തിനു മുന്നിൽ കർണ്ണൻ ഉത്തരം മുട്ടി. കർണ്ണന് തല താഴ്ത്തി നിൽക്കേണ്ടി വന്നു. ആകെ അപമാനകരവും പരിഹാസകരവും ആയ ആ നിമിഷം കർണ്ണന്റെ ജീവിതത്തിലെ തന്നെ വലിയൊരു തെറ്റും മാനക്കേടുമായിരുന്നു.പക്ഷെ,അങ്ങനെയൊന്നും സംഭവിച്ചില്ല. ദുര്യോധനന്റെ ഒരൊറ്റ വാക്കിന്മേൽ ആ അവസ്ഥ അസംഭവ്യമായിത്തീർന്നു. അംഗരാജ്യത്തിന്റെ അധിപനാണ് കർണ്ണൻ എന്ന് ദുര്യോധനൻ ഉറക്കെ പറഞ്ഞു. അങ്ങനെ തന്റെ അധികാരത്തിലുള്ള ഒരു രാജ്യം ദുര്യോധനൻ കർണ്ണന് നൽകി. അതിന്റെ അധിപനായി കർണ്ണനെ അഭിഷേചിച്ചു. അതൊന്നുംതന്നെ ചെയ്തത് കർണ്ണനെ തന്റെ പക്ഷത്തേക്ക് കൊണ്ടുവരാനല്ലായിരുന്നു താനും.അങ്ങനെ ഒരു ത്യാഗംചെയ്തു അങ്ങനെ വലിയ ഒരു സഹായം ചെയ്തു ദുര്യോധനനെ തന്റെ ഉറ്റമിത്രത്തെ ചതിക്കാൻ ഒറ്റത്തടിയാക്കാൻ കർണ്ണന് മനസ്സ് വന്നില്ല.ആയുധ വിദ്യാപ്രയോഗ ദിവസം കർണ്ണന്റെ മൃത്യു ദിനമായിരുന്നു. എന്നാൽ ആ സമയത്ത് കർണ്ണന് പുനർജന്മം നൽകിയത് ദുര്യോധനനായിരുന്നു. അത് ഒരു കാലത്തും മറക്കാൻ പാടില്ല താനും. അത് കർണ്ണൻ ഇവിടെ മറന്നില്ല.കരുണാർദ്രമായ ഹൃദയവും, ചിന്താഗതിയും അവനെ ധന്യനാക്കി മാറ്റി. എങ്കിലും ശ്രീകൃഷ്ണൻ പറഞ്ഞ വാഗ്ദാനങ്ങൾക്കും ഉപദേശങ്ങൾക്കും കർണ്ണൻ നന്ദിപറഞ്ഞു.കൃഷ്ണനോടുള്ള സ്നേഹവും ആദരവും ഇവിടെ പ്രകടമാകുന്നു. കർണ്ണന്റെ മഹത്വം എത്ര പറഞ്ഞാലും അവസാനിക്കില്ല. അങ്ങനെ യുദ്ധം തീർച്ചയായ സമയത്ത് ദുര്യോധനന്റെ കപ്പൽ നടുക്കടലിൽ തള്ളിയിട്ട് താൻ ഒഴിഞ്ഞുമാറില്ലെന്നും അവനോട് വഞ്ചന കാട്ടില്ലെന്നും കർണ്ണൻ തറപ്പിച്ചു പറയുന്നു. ഇതിലൂടെ എന്ത് പ്രതിസന്ധിയും മറികടക്കാനുള്ള കർണ്ണന്റെ ധൈര്യവും ഇച്ഛാശക്തിയും സ്വന്തം തീരുമാനത്തിൽ ഉറച്ചഎന്ന സ്ഥാനവും സിംഹാസനവും ബന്ധുബലവും ബഹുമാനാദരങ്ങളും ഒക്കെത്തന്നെ ഒരു മടിയും കൂടാതെ ആത്മാർത്ഥതയോടും സസന്തോഷത്തോടും കൂടി കർണ്ണൻ വേണ്ടെന്നു വയ്ക്കുന്നു. അതും തന്റെ മിത്രത്തിനു വേണ്ടി. കാരണം, ആയുധവിദ്യാപ്രയോഗ ദിവസം യുദ്ധത്തിൽ താൻ ആരുടെ പക്ഷത്താണ് നിലയുറപ്പിക്കേണ്ടത് എന്നു പോലും തീരുമാനിക്കപ്പെടാത്ത അവസ്ഥയിൽ, അച്ഛനമ്മമാർ ആരാണെന്നും കുലം ഏതാണെന്നും ഉള്ള

കൃപന്റെ ചോദ്യത്തിനു മുന്നിൽ കർണ്ണന് ഉത്തരം മുട്ടി. കർണ്ണന് തല താഴ്ത്തി നിൽക്കേണ്ടി വന്നു. ആകെ അപമാനകരവും പരിഹാസകരവും ആയ ആ നിമിഷം കർണ്ണന്റെ ജീവിതത്തിലെ തന്നെ വലിയൊരു തെറ്റും മാനക്കേടുമായിരുന്നു.പക്ഷെ, അങ്ങനെയൊന്നും സംഭവിച്ചില്ല. ദുര്യോധനന്റെ ഒരൊറ്റ വാക്കിന്മേൽ ആ അവസ്ഥ അസംഭവ്യമായിത്തീർന്നു. അംഗരാജ്യത്തിന്റെ അധിപനാണ് കർണ്ണൻ എന്ന് ദുര്യോധനൻ ഉറക്കെ പറഞ്ഞു. അങ്ങനെ തന്റെ അധികാരത്തിലുള്ള ഒരു രാജ്യം ദുര്യോധനൻ കർണ്ണന് നൽകി. അതിന്റെ അധിപനായി കർണ്ണനെ അഭിഷേചിച്ചു. അതൊന്നും തന്നെ ചെയ്തത് കർണ്ണനെ തന്റെ പക്ഷത്തേക്ക് കൊണ്ടുവരാനല്ലായിരുന്നു താനും. അങ്ങനെ ഒരു ത്യാഗംചെയ്തു അങ്ങനെ വലിയ ഒരു സഹായം ചെയ്തു ദുര്യോധനനെ തന്റെ ഉറ്റമിത്രത്തെ ചതിക്കാൻ ഒറ്റത്തടിയാക്കാൻ കർണ്ണന് മനസ്സ് വന്നില്ല. ആയുധ വിദ്യാപ്രയോഗ ദിവസം കർണ്ണന്റെ മൃത്യു ദിനമായിരുന്നു. എന്നാൽ ആ സമയത്ത് കർണ്ണന് പുനർജന്മം നൽകിയത് ദുര്യോധനനായിരുന്നു.അത് ഒരു കാലത്തും മറക്കാൻ പാടില്ല താനും. അത് കർണ്ണൻ ഇവിടെ മറന്നില്ല. കർണ്ണൻ മൃത്യു സ്നേഹം കൈവിട്ടില്ല. കൂടാതെ കരുണാർദ്രമായ ഹൃദയവും ചിന്താഗതിയും അവനെ ധന്യനാക്കി മാറ്റി. എങ്കിലും ശ്രീകൃഷ്ണൻ പറഞ്ഞ വാഗ്ദാനങ്ങൾക്കും ഉപദേശങ്ങൾക്കും കർണ്ണൻ നന്ദിപറഞ്ഞു. കൃഷ്ണനോടുള്ള സ്നേഹവും ആദരവും ഇവിടെ പ്രകടമാകുന്നു. കർണ്ണന്റെ മഹത്വം എത്ര പറഞ്ഞാലും അവസാനിക്കില്ല. അങ്ങനെ യുദ്ധം തീർച്ചയായ സമയത്ത് ദുര്യോധനന്റെ കപ്പൽ നടുക്കടലിൽ തള്ളിയിട്ട് താൻ ഒഴിഞ്ഞുമാറില്ലെന്നും അവനോട് വഞ്ചന കാട്ടില്ലെന്നും കർണ്ണൻ തറപ്പിച്ച് പറയുന്നു. ഇതിലൂടെ എന്ത് പ്രതിസന്ധിയും മറികടക്കാനുള്ള കർണ്ണന്റെ ധൈര്യവും ഇച്ഛാശക്തിയും സ്വന്തം തീരുമാനത്തിൽ ഉറച്ച് നിൽക്കാനുള്ള മനസ്സും നമുക്ക് കാണാൻ കഴിയും. തന്റെ മനസ്സ് എന്താണോ പറയുന്നത് ആ തീരുമാനം മാത്രമേ കർണ്ണൻ അംഗീകരിക്കുകയുള്ളൂ. അത് സത്യം ആയിരിക്കും. അതിനാൽ കർണ്ണൻ ആരു പറയുന്നതും കേൾക്കില്ല. രാജ്യത്തിന്റെ ദാനത്തിലൂടെ ദുര്യോധനൻ തനിക്ക് ആത്മാഭിമാനം തിരിച്ച് തന്നു എന്നും ഉണർവ് പകർന്നു നൽകിയെന്നും പറയുകയും കൃതജ്ഞതയോടെ ദുര്യോധനനെ ഓർക്കുകയും ചെയ്തു. ഈ ഭൂമി മുഴുവൻ കിട്ടിയാലും ഇപ്പോൾ കർണ്ണൻ സുയോധനനെ കൈവെടിയുകയില്ല. സ്വർണ്ണത്തിന്റെ അനേകം കുന്നുകൾ എനിക്കായി നീ നീട്ടിയാലും അവനെ ഇന്ന് ഞാൻ കൈവെടിയുകയില്ല. ഇത് കർണ്ണന്റെ മൂല്യബോധത്തെ പ്രതിനിധീകരിക്കുന്നു. നിൽക്കാനുള്ള മനസ്സും നമുക്ക് കാണാൻ കഴിയും.തന്റെ മനസ്സ് എന്താണോ പറയുന്നത് ആ തീരുമാനം മാത്രമേ കർണ്ണൻ അംഗീകരിക്കുകയുള്ളൂ. അത് സത്യം ആയിരിക്കും. അതിനാൽ കർണ്ണൻ ആരു പറയുന്നതും കേൾക്കില്ല. സകല രാജ്യത്തിന്റെയും അധിപൻ എന്ന സ്ഥാനവും സിംഹാസനവും ബന്ധുബലവും ബഹുമാനാദരങ്ങളും ഒക്കെത്തന്നെ ഒരു മടിയും കൂടാതെ ആത്മാർത്ഥതയോടും സസന്തോഷത്തോടും കൂടി കർണ്ണൻ വോണ്ടെന്നു വയ്ക്കുന്നു. അതും തന്റെ മിത്രത്തിനു വേണ്ടി. കാരണം, ആയുധവിദ്യാപ്രയോഗ ദിവസം, യുദ്ധത്തിൽ താൻ ആരുടെ പക്ഷത്താണ് നിലയുറപ്പിക്കേണ്ടത് എന്നു പോലും തീരുമാനിക്കപ്പെടാത്ത അവസ്ഥയിൽ, അച്ഛനമ്മമാർ ആരാണെന്നും കുലം ഏതാണെന്നും ഉള്ള കൃപന്റെ ചോദ്യത്തിനു മുന്നിൽ കർണ്ണൻ ഉത്തരം മുട്ടി. കർണ്ണന് തല താഴ്ത്തി നിൽക്കേണ്ടി വന്നു. ആകെ അപമാനകരവും പരിഹാസകരവും ആയ ആ നിമിഷം കർണ്ണന്റെ ജീവിതത്തിലെ തന്നെ വലിയൊരു തെറ്റും മാനക്കേടുമായിരുന്നു. പക്ഷെ, അങ്ങനെയൊന്നും സംഭവിച്ചില്ല. ദുര്യോധനന്റെ ഒരൊറ്റ വാക്കിന്മേൽ ആ അവസ്ഥ

അസംഭവ്യമായിത്തീർന്നു. അംഗരാജ്യത്തിന്റെ അധിപനാണ് കർണ്ണൻ എന്ന് ദുര്യോധനൻ ഉറക്കെ പറഞ്ഞു. അങ്ങനെ തന്റെ അധികാരത്തിലുള്ള ഒരു രാജ്യം ദുര്യോധനൻ കർണ്ണന് നൽകി. അതിന്റെ അധിപനായി കർണ്ണനെ അഭിഷേചിച്ചു. അതൊന്നും തന്നെ ചെയ്തത് കർണ്ണനെ തന്റെ പക്ഷത്തേക്ക് കൊണ്ടുവരാനല്ലായിരുന്നു താനും. അങ്ങനെ ഒരു ത്യാഗംചെയ്തു അങ്ങനെ വലിയ ഒരു സഹായം ചെയ്തു ദുര്യോധനനെ തന്റെ ഉറ്റമിത്രത്തെ ചതിക്കാൻ ഒറ്റത്തടിയാക്കാൻ കർണ്ണന് മനസ്സ് വന്നില്ല. ആയുധ വിദ്യാപ്രയോഗ ദിവസം കർണ്ണന്റെ മൃത്യു ദിനമായിരുന്നു. എന്നാൽ ആ സമയത്ത് കർണ്ണന് പുനർജന്മം നൽകിയത് ദുര്യോധനനായിരുന്നു. അത് ഒരു കാലത്തും മറക്കാൻ പാടില്ല താനും. അത് കർണ്ണൻ ഇവിടെ മറന്നില്ല.കർണ്ണൻ മൃത്യു സ്നേഹം കൈവിട്ടില്ല. കൂടാതെ, കരുണാർദ്രമായ ഹൃദയവും ദയാലുവായ മനസ്സും ചിന്താഗതിയും അവനെ ധന്യനാക്കി മാറ്റി. എങ്കിലും ശ്രീ കൃഷ്ണൻ പറഞ്ഞ വാഗ്ദാനങ്ങൾക്കും ഉപദേശങ്ങൾക്കും കർണ്ണൻ നന്ദിപറഞ്ഞു. കൃഷ്ണനോടുള്ള സ്നേഹവും ആദരവും ഇവിടെ പ്രകടമാകുന്നു. കർണ്ണന്റെ മഹത്വം എത്ര പറഞ്ഞാലും അവസാനിക്കില്ല. ഏറെയാണ്. അങ്ങനെ യുദ്ധം തീർച്ചയായ സമയത്ത് ദുര്യോധനന്റെ കപ്പൽ നടുക്കടലിൽ തള്ളിയിട്ട് താൻ ഒഴിഞ്ഞുമാറില്ലെന്നും അവനോട് വഞ്ചന കാട്ടില്ലെന്നും കർണ്ണൻ തറച്ചു പറയുന്നു. ഇതിലൂടെ എന്ത് പ്രതിസന്ധിയും മറികടക്കാനുള്ള കർണ്ണന്റെ ധൈര്യവും ഇച്ഛാശക്തിയും സ്വന്തം തീരുമാനത്തിൽ ഉറച്ചു നിൽക്കാനുള്ള മനസ്സും നമ്മുക്ക് കാണാൻ കഴിയും. തന്റെ മനസ്സ് എന്താണോ പറയുന്നത് ആ തീരുമാനം മാത്രമേ കർണ്ണൻ അംഗീകരിക്കുകയുള്ളൂ. അത് സത്യം ആയിരിക്കും. അതിനാൽ കർണ്ണൻ ആരു പറയുന്നതും കേൾക്കില്ല. രാജ്യത്തിന്റെ ദാനത്തിലൂടെ ദുര്യോധനൻ തനിക്ക് ആത്മാഭിമാനം തിരിച്ചു തന്നു എന്നും ഉണർവ് പകർന്നു നൽകിയെന്നും പറയുകയും കൃതജ്ഞതയോടെ ദുര്യോധനനെ ഓർക്കുകയും ചെയ്തു. ഈ ഭൂമി മുഴുവൻ കിട്ടിയാലും ഇപ്പോൾ കർണ്ണൻസുയോധനനെ കൈവെടിയുകയില്ല. സ്വർണ്ണത്തിന്റെ അനേകം കുന്നുകൾ എനിക്കായി നീ നീട്ടിയാലും അവനെ ഇന്ന് ഞാൻ കൈവെടിയുകയില്ല. ഇത് കർണ്ണന്റെ മൂല്യബോധത്തെ പ്രതിനിധീകരിക്കുന്നു. അർത്ഥത്തെ വില വയ്ക്കുന്നവനും അർത്ഥത്താൽ വിലയ്ക്കുവാങ്ങാവുന്നവനുമല്ല കർണ്ണൻ. ഈ കഥാപാത്രത്തെ എനിക്കേറെ ഇഷ്ടമായി.

അഭിന.ജി
9-B

# ആകാശ പൂക്കൾ

വർഷകാലത്തിന്റെ സായന്തനം തൻ
ഇളം വെയിൽ കൊണ്ടെന്റെ നെഞ്ച് പൊള്ളി.
സ്നേഹിച്ചു തീരാത്ത മാതാവിൻ ഓർമ്മകൾ
നീറുമെൻ ഹൃത്തടം തേങ്ങി.
കാർമേഘമാകെ ഇരുണ്ട് മൂടി
അവൾ അലറിക്കരഞ്ഞു കൊണ്ടാർത്തിറങ്ങി.
വിറകുകൾ തന്നുടെ നടുവിലായി
ശാന്തമായി ശയ്യയിൽ മയങ്ങി .
തീനാളം അമ്മതൻ സൗമ്യമാം മേനിയെ
മുത്തിപ്പുണർന്ന് നകർന്നിടുന്നു
അച്ഛന്റെ ളുമുഖം വിങ്ങി വിങ്ങി
തന്റെ ദുഃഖ സംഹാരം നടത്തിടുന്നു.
ആകാശപ്പൂക്കൾ തിരഞ്ഞുകൊണ്ടെന്നമ്മ
ദൂരെയെങ്ങോ പോയി മറഞ്ഞു.
പരിഭവം തോന്നി മുഖം കറുപ്പിച്ചു ഞാൻ
ആകാശപൂക്കൾ തിരഞ്ഞുകൊണ്ടെന്നമ്മ
ഓർത്തു ഞാൻ അമ്മയോടൊന്നിച്ചു പിന്നിട്ട
സായന്തനങ്ങളിൽ അമ്മതൻ പുഞ്ചിരി
തഞ്ചിനിൽക്കാറുള്ള പൂഞ്ചോലകൾ
കാർമേഘങ്ങൾ തന്നുടെ കണ്ണുനീർ
ഊർന്നിറങ്ങി എൻ കവിൾത്തടത്തിൽ
അവയുടെ മൃദുലമാം സ്പർശനത്തിൽ
അമ്മതൻ കൈത്തടം അലിഞ്ഞുചേർന്നു.
ഇന്നുമീ വർഷകാലങ്ങളിൽ ഉമ്മറത്തി-
ണ്ണയിൽ ഇന്നുഞാൻ കാത്തിരിക്കും
അമ്മ തന്നുടെ ഹൃദയത്തിൽ നിന്നും
തനിക്കായി പൊഴിക്കുന്ന പൂക്കളിക്കായി.

അന്വയ മനോജ്
9-B

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



1. അമയ.കെ
2. അഭിന.ജി
3. അമയ.പി
4. ദേവേന്ദു.പി.ബി
5. റിയ ഫാത്തിമ
6. അഭിനവ്.കെ.എസ്
7. സഞ്ജു.വി.എസ്
8. സായന്ത്.എസ്
9. അനന്ത്ദേവ്
10. അഖിൽ.പി.വി
11. മുഹമ്മദ് ജാസീം
12. നഹല നിസാർ
13. അമൽനാഥ്.എം.എം
14. വിഷ്ണുപ്രസാദ് .വി.ആർ
15. അഞ്ജന ബാലകൃഷ്ണൻ

16.വിഷ്ണു ബാബു
17.അനന്തു.ആർ
18.രാഹുൽ.എസ്.എം
19.സൗരവ് കൃഷ്ണ.എസ്
20.അതുൽ കൃഷ്ണ.പി
21.മുഹമ്മദ് ഫർഹാൻ.എ.ടി
22.അഭിരാം.കെ
23.അനുജ്.സി
24.അന്വയ മനോജ്
25.നിഹാര നന്ദകുമാർ
26.അനന്തു.ബി
27.വിഷ്ണുദത്തൻ.വി.കെ
28.ആദിദേവ് .എസ്.ആർ
29.യദുനന്ദൻ.വി.കെ
30.ആകാശ് .എം.ടി
31.മുഹമ്മദ് നിഹാദ് .പി.പി
32.ധനുഷ് .എസ് .ഗിരീഷ്
33.അഹിൻ പ്രശാന്ത് .പി.കെ
34.മാളവിക.കെ.മനേഷ്
35.അഭിൻ ബാബു.ടി.ടി
36. സനുബിയ ഷെറിൻ
37.ഷാരോൺ.സി.പി
38.അനുരാഗ് .കെ.വി
39. ജാസിം ജാഫർ

# മുള്ളുവേലികൾ

ഹൃദയമാകുന്ന ധരണിയിൽ
മതിൽ കെട്ടുമ്പോൾ അത്
ജീവിതങ്ങൾക്കിടയിലുള്ള
വിള്ളലാണെന്ന് അവൻ ഓർക്കുന്നില്ല .

കാലത്തിൻ സൂചനയായി അത്
മാറുമ്പോൾ, ഹൃദയമേ നീ അറിയാതെ
കരയാൻ ശ്രമിക്കുന്നത്
നീ എന്തിന് മറക്കുന്നു ?

മണ്ണിൽ കെട്ടുന്ന മതിൽ
അന്നവന്റെ മനസ്സിലും പണിയുന്നു.
അറിയാതെ വെറുക്കുന്ന സുഹൃത്തിനെ
അവൻ ശത്രുവായി കാണുന്നു.

എന്നും ഉയർന്നു കൊണ്ടിരിക്കുന്ന
ഈ മതിൽ ചോലയിൽ ഒന്നായിരുന്നു അവർ
ശത്രുത തുടങ്ങുന്ന അന്നു നീ ഓർക്കുക
എല്ലാത്തിനും കാരണം നീ.....

രാഹുൽ എസ്.എം
9 – D

# മരിച്ചവരുടെ കണ്ണുനീർ

മഴക്കാലം അവൾക്കേറെ പ്രിയപ്പെട്ടതായിരുന്നു.മഴ അതിന്റെ ശബ്ദവും കുളിർമയും അവൾക്ക് അവളുടേതുമാത്രമായ അനുഭൂതിയായിരുന്നു. പെയ്യുന്നതു കാണുമ്പോൾ അടിഞ്ഞുമൂടിയ വികാരങ്ങളും വേവലാതികളുമില്ല. മഴയും അവളും തണുപ്പിനാൽ കോരിത്തരിക്കുന്ന മനസ്സും ഒരല്പം നിഷ്കളങ്കതയും മാത്രം. മുത്തശ്ശിയുടെ മടിയിൽ തല ചായ്ച്ച് മഴയെ നോക്കിനിൽക്കുന്നത് എത്ര നേരമെന്നറിയില്ല. ആ നിമിഷങ്ങളിൽ താൻ വാരിക്കൂട്ടിയ കുസൃതി, ദുർവാശിക്കാരി എന്നിങ്ങനെ ഒട്ടേറെ പദവികൾ തനിക്ക് നഷ്ടമാകുന്നുവോ? ആ നിമിഷം രണ്ട് കണ്ണീർത്തുള്ളികളിൽ ഒതുക്കുവാൻ കഴിയാത്ത എന്തോ ഒന്ന് ശരീരമാകെ കോരിത്തരിപ്പിക്കാറുണ്ട്.

എന്നെ പോലെ തന്നെ മഴ മുത്തശ്ശിക്കും പ്രിയപ്പെട്ടതുതന്നെ. തന്റെ തലയിൽ കയറിക്കൂടിയ കുട്ടിപ്പിശാചുകളെ പെറുക്കി മാറ്റുന്നതിനിടയിൽ തന്റെ വേവലാതികൾ ഓരോന്നായി മുത്തശ്ശി പറയും .മുറുക്കാൻ കൂട്ടിന്റെ ഗന്ധം വായുവിൽ കലർന്ന് പുതുമണ്ണിന്റെ ഗന്ധവുമായി കലരും . തണുപ്പിൽ മുത്തശ്ശിയുടെ ചുക്കിചുളിഞ്ഞ ശരീരത്തോട് പറ്റിച്ചേർന്ന് ഉറങ്ങുമ്പോൾ മുത്തശ്ശി എന്നെ നെഞ്ചോട് ചേർത്ത് നിർത്തും. എങ്കിലും പതിവില്ലാതെ മുത്തശ്ശി ക്ഷീണിതയായിരിക്കുന്നു. മുത്തശ്ശിയുടെ കിടക്കകരികിൽ നിൽക്കുമ്പോൾ മുത്തശ്ശി വേദന കടിച്ചമർത്തി പുഞ്ചിരിക്കും. "ന്റെ കുട്ട്യേ" മുത്തശ്ശി എന്നെ വാരി പുണരും. മഴതോരാതെപെയ്യുന്ന ഒരുനാൾ ഞാൻ സ്കൂൾവിട്ട നേരത്ത് വീട്ടിലേക്ക് ഓടി കിതച്ചു വന്നു. വീട്ടിൽ പതിവില്ലാത്ത ആൾക്കൂട്ടം, അവരുടെ കണ്ണുകളിൽ മറച്ചു വച്ച സഹതാപം. വീടിന്റെ നടുത്തളത്തളത്തിൽ മുത്തശ്ശി അനക്കമറ്റ് കിടക്കുന്നു . മൂത്തമ്മ മുത്തശ്ശിക്കടുത്തിരുന്ന് തേങ്ങുന്നു. ആ മുഖം ഭ്രാന്തമായി അലറുന്നതായി തോന്നി. ഒടുവിൽ മഴ നേർത്ത് വരാൻ തുടങ്ങി. മുത്തശ്ശിയെ വിഴുങ്ങുന്ന തീനാളങ്ങളെ മുത്തശ്ശി വാരി പുണരുകയാണെന്ന് തോന്നി. എനിക്ക് ഒന്നും മനസ്സിലാകുന്നില്ല. ഞാൻ മഴയെ പഴിചാരിയില്ല. മുത്തശ്ശി ഉറങ്ങുന്നമണ്ണിൽ തലചായച്ച് ഞാൻ ഉറങ്ങി, മഴയോടൊപ്പം ഞങ്ങൾ അനുഭവിച്ച സുഖം അവസാനമായി. ഇന്നും മഴ പെയ്യുന്ന രാവുകളിൽ മഴത്തുള്ളികൾ വന്ന് തഴുകുമ്പോൾ ഞാൻ ആ സ്പർശത്തിൽ മറ്റാരുടേയോ കൈത്തലങ്ങൾ തഴുകുന്നതിന്റെ അനുഭൂതി ഉളവാകുന്നു .......

പരിചയമുള്ള, ഞാൻ സ്നേഹിച്ച് തീരാത്ത കൈത്തലങ്ങൾ. ഇന്നും ഞാൻ കാത്തിരിക്കുന്നു , മരിച്ചവർ പൊഴിക്കുന്ന കണ്ണുനീരിനായി, ഒരു ഹൃദയമിടിപ്പോടെ.......

അന്വയ മനോജ്
9-B

# പുഴ ഒഴുകുന്നു

പുഴ അവൾ ഒഴുകുന്നു.
തൻ കനകച്ചിലങ്കകൾ കിലുക്കി......
ഓളങ്ങളെ തഴുകി ..... ഭൂമിയെ തഴുകി....
ചേതോഹരമാം വിധം അവൾ നൃത്തം ചെയ്യുകയാണ്.
നീട്ടുറ്റതാളത്തിൽ മധുരനാദം പൊഴിച്ചു-
കൊണ്ടവൾ ഒഴുകുകയാണ്..... നിർത്താതെ......
നിന്റെ ഓരോ പാദാഘാതവും ഭൂമിയെ നീഹാര-
ശീതളിമയണിയിക്കുന്നു..... ചിലപ്പോൾ നീ
നിൻ തരളിതമായ ഓളങ്ങളിൽ ഓരോ
ജീവിതവും ഒരു താരാജാലം പോൽ
ഒഴുകുകയാണ്.... നീ ഒഴുകുകയാണ്....
നിൻ നാകീയവാദ്യാനങ്ങൾ നിൻ ധാരയിൽ
ഒഴുകിത്തിമിർക്കുന്നു.....നിൻ മന്ദഹാസം പോൽ
നിന്റെ ചേണുറ്റ നാദം അവനിയാകെ
പരന്ന് പരന്ന് കൊണ്ടിരിക്കുകയാണ്....
പുഴ അവൾ ഒഴുകുകയാണ്
ഓളം വെട്ടി .... ചിന്നിച്ചിതറി.....
എവിടെയെന്നറിയാതെ.....ആരോടെന്നറിയാതെ.....
മന്ദഹസിച്ച് ...... പൊട്ടിച്ചിരിച്ച്.....
അങ്ങനെ....അങ്ങനെ ...... അങ്ങനെ.....

അഭിന. ജി
9-B

# മുത്തശ്ശിയുടെ സ്നേഹം

നേരം ഒരു ഒച്ചിനെപ്പോലെ മന്ദം മന്ദം ഇഴഞ്ഞുകൊണ്ടിരിക്കുന്നു. സൂര്യകിരണങ്ങൾ മന്ദം മന്ദം തുറന്നിട്ട ജനൽപ്പാളികൾക്കുള്ളിലൂടെ നുഴഞ്ഞുകയറി മണിക്കുട്ടിയോട് പുൽകിക്കിടക്കാൻ വെമ്പൽ കൊണ്ടു. നേരം പരപരാന്നു വെളുത്തു. മണിക്കുട്ടി മടിച്ചുകൊണ്ട് ജമാക്കളം ഉയർത്തി ഒന്നു നോക്കി. അവൾക്ക് മുത്തശ്ശിയെ ഒത്തിരി ഇഷ്ടമാണ്. മുത്തശ്ശിക്ക് തിരിച്ചും. മുത്തശ്ശിയുടെ മണിക്കുട്ടി..... എന്നൊരു വിളിപോലും അവൾക്ക് അനുഗ്രഹ വചസ്സായി തോന്നും. വൃന്ദാവനം വീട്ടിൽ അവരിരുവരും പരസ്പരം സ്നേഹിച്ചും സന്തോഷിച്ചും ജീവിച്ചു പോന്നു. മുത്തശ്ശിയുടെ ദിവ്യമംഗളവാണികൾ മണിക്കുട്ടിയുടെ കാതിന്റെ വാതിൽക്കൽ വന്നു മുട്ടി. അവൾ കണ്ണും തിരുമ്മിക്കൊണ്ട് വരാന്തയിലേക്ക് ചെന്നു. അവിടെ ചാരുകസേരയിൽ മലർന്നുകിടക്കുകയാണ് മുത്തശ്ശി സത്വരം മണിക്കുട്ടി മുത്തശ്ശിയുടെ നെഞ്ചോട്പുൽകിച്ചേർന്നു. അങ്ങനെയിരിക്കവെ ഒരു ദിവസം മണിക്കുട്ടി അമ്മമ്മയോട് ചോദിച്ചു ,"മുത്തശ്ശീ എന്റെ അമ്മയും അച്ഛനും എവിടെയാണ് ? " പെട്ടെന്ന് മുത്തശ്ശിയുടെ സ്മരിച്ചു നിന്ന മുഖം കരിപുരണ്ടു പോയി. പൂക്കൾ പലവട്ടം പൂത്തു, ആകാശം പലവട്ടം കരഞ്ഞു, ചിരിച്ചു. കാലം ഒരുപാട് കഴിഞ്ഞു പോയി. ഇപ്പോൾ മണിക്കുട്ടി പന പോലെ വളർന്നു. മുത്തശ്ശിയുടെ മണിക്കുട്ടി ഇന്ന് ഇംഗ്ലണ്ടിൽ ജോലി ചെയ്യുകയാണ്. ഒരു പ്രത്യേക സാഹചര്യത്തിൽ വളരെ അപ്രതീക്ഷിതമായി മണിക്കുട്ടിയെ ഉദ്യോഗസ്ഥ ജോലിയിൽ നിന്നും പിരിച്ചു വിട്ടു. അതിനു ശേഷം നാട്ടിലേക്കെത്തിയ അവൾ കണ്ടത് ജമാക്കളവും പുതച്ച് ശ്വാസമറ്റ് കിടക്കുന്ന തന്റെ മുത്തശ്ശിയെയാണ്. അവൾ ആൾക്കൂട്ടത്തിനിടയിലേക്ക് ഓടിച്ചെന്ന് മുത്തശ്ശീ..... എന്നു വിളിച്ച് പൊട്ടിക്കരഞ്ഞു.അന്ന് പറന്നുയർന്ന വിമാനത്തിന്റെ ജനലഴികളിൽ അവളുടെ ദയനീയമായ മുഖമുണ്ടായിരുന്നു.

മുത്തശ്ശിയുടെ വേർപാട് സഹിക്കാൻ സാധിക്കാതെ കുറച്ചു നാളുകൾ ആ പാവം കഴിച്ചുകൂട്ടി. ജോലിത്തിരക്കിനിടയിൽ അവളുടെ ദുഃഖനിമിഷങ്ങൾ എല്ലാം ഉൾക്കാമ്പിന്റെ ഒരു കോണിൽ നിന്നും കഴുകി നീക്കപ്പെടുകയായിരുന്നു. എങ്കിലും മുത്തശ്ശിയുടെ നിഷ്കളങ്ക രൂപം കൺമുന്നിൽ നിന്നും മായാത്ത പോലൊരു അവസ്ഥ. നീണ്ട കാലവർഷങ്ങൾ ഒരു തീവണ്ടി പോലെ ചീറിപ്പാഞ്ഞു. നാട്ടിലെത്തിയ അവൾ നേരിട്ട് കാണുകയായിരുന്നു, തന്റെ വൃന്ദാവനം വീടിന്റെ പതനം. അതിന്റെ അടിത്തറ തന്നെ താളം തെറ്റിയ നിലയിലാണ്. നീണ്ടു നിവർന്ന് ശക്തിയാർജിച്ച് നിന്നിരുന്ന ആ വീട് ഇന്ന് മുത്തശ്ശിയുടെ അഭാവത്തിൽ വിണ്ടു കീറിയിരിക്കുന്നു. വാർദ്ധക്യത്തിന്റെ ചുളിവുകൾ വീണ ആ വീട് ആരെയും കാത്തു നിൽക്കാതെ മരണത്തിന്റെ വഴി തിരഞ്ഞെടുക്കുകയായിരുന്നു. എങ്കിലും ഒരു ദീപം അണയാതെ നിൽക്കുന്നത് ആ നിമിഷം മണിക്കുട്ടി കണ്ടു. തന്റെ മുത്തശ്ശിയുടെ സമാന സ്വഭാവക്കാരിയായ ഒരു മുത്തശ്ശി ആ വീടിനു മുന്നിൽ അവശയായിരിക്കുന്നു. അവൾ അവരെ കൈപിടിച്ച് എഴുന്നേൽപ്പിച്ചു. വൃന്ദാവനം വീടിന്റെ പടുത്തുയർത്തലിന്റെ ഓരോ നിമിഷവും അവളുടെ അമ്മമ്മയെ ഓർത്തുപോയി. ആ മനസ്സും ഇന്ന് സന്തോഷ ഉത്സാഹത്തിലായിരിക്കുംസംശയമില്ല. മണിക്കുട്ടി ഓർത്തു. രാധാകൃഷ്ണന്മാരുടെ പാദസ്പർശനത്താൽ ഉണങ്ങിവരണ്ട ഭൂമി സ്വർഗ്ഗ സുന്ദരമായി മാറിയെന്നും അത് വൃന്ദാവനം എന്നറിയപ്പെട്ടുവെന്നുമൊക്കെയാണ് പഴമൊഴി. സമാനമായി മണിക്കുട്ടിയുടെയും മുത്തശ്ശിയുടെയും പ്രവേശനത്തോടെ തളർന്നു വീണ ആ വീട് ഊർജ്ജസ്വലമായി തിരിച്ചെത്തി. അവർ സസുഖത്തോടെ ജീവിതം മുന്നോട്ട് നീക്കി. എങ്കിലും അവൾ ഓർക്കുന്നു ആ

വാക്ക് ഞാനെത്തുമ്പോഴും എല്ലാം കഴിഞ്ഞിരുന്നു . അവൾ കൂട്ടുകാരികളോട് കഥ പറഞ്ഞ് നിരത്തി "ഇനി ഞാൻ പോകട്ടെ മുത്തശ്ശിയവിടെ തനിച്ചാണ് എന്നെ കാണാഞ്ഞ് പേടിക്കുന്നുണ്ടാവും ആ

മനസ്സ് മണിക്കുട്ടി പറഞ്ഞു". "ഏയ് ബാക്കികൂടി പറഞ്ഞിട്ട് പോ" മണ്ക്കുട്ടിയുടെ കൂട്ടുകാരികൾ ഉച്ചത്തിൽ വിളിച്ച് പറഞ്ഞു." അത് നാളെ പറയാം ഞാൻ പൊവ്വാ........ എന്റെ വൃന്ദാവനത്തിലേക്ക്, എന്റെ ജീവിതത്തിലേക്ക്........"

അഭിന. ജി
9-B

# സഫലമാകാത്ത ഒരു സ്വപ്നം

മുത്തുവിനൊരു സ്വപ്നമുണ്ട്.അവനു പഠിച്ചു വലിയൊരാളാകണം. എന്നിട്ട് തളർന്നു പോയ അച്ഛനെ നന്നായി സംരക്ഷിക്കണം.എ- ന്നാൽ ഇത് വെറും ഒരു സ്വപ്നം മാത്രമായിരുന്നു.അവന്റെ ചുറ്റുപാട് അവനെ അതിനു സമ്മതിച്ചില്ല.ദാരിദ്ര്യത്തിന്റെ കാണാക്കയങ്ങളിൽ അവൻ മുങ്ങിപ്പോയി.അച്ഛൻ തളർന്നതോടെ കുടുംബം മുഴു പട്ടിണിയിലായി. അമ്മ അവനെ ചെറുപ്പത്തിലേ ഉപേക്ഷിച്ചു പോയ- താണ്.അതിൽ പിന്നെ അവന് അച്ഛനാണെല്ലാം.മുത്തുവിന് പഠിക്കണമെന്ന ആഗ്രഹമുണ്ടായിരുന്നു.എന്നാൽ.....എങ്ങനെയാണ് അത് സാധ്യമാകുക ?പണമില്ലാതെ സ്കൂളിൽ ചേരാൻ ആകില്ല.എങ്കിലും മുത്തു തളരാൻ തയ്യാറായില്ല.തന്റെ അച്ഛൻ പകുതിയാക്കിയ കൃഷി അവൻ പൂർത്തിയാക്കാൻ തീരുമാനിച്ചു.എല്ലു മുറിയെ തന്നെ പണി ചെയ്തു.ഒടുവിൽ അവന്റെ ആഗ്രഹപ്രകാരം തന്നെ സംഭവിച്ചു. എല്ലാ പച്ചക്കറികളും അവൻ ചന്തയിൽ കൊണ്ടുപോയി വിറ്റു.പ്രതി ഫലമായി നല്ലൊരു തുകയും ലഭിച്ചു. അന്ന് ആ പച്ചക്കറികൾ കൊണ്ടു തന്നെ അവൻ ആഹാരം പാകം ചെയ്തു. അച്ഛനും നൽകി.മകന്റെ പ്രവൃത്തിയിൽ അച്ഛൻ അത്ഭുതപ്പെട്ടു.മാത്രമല്ല, സ്വന്തമായി അധ്വാനിച്ചുണ്ടാക്കിയ പച്ചക്കറികൾ കഴിച്ചപ്പോൾ അവനിൽ ആത്മസംതൃപ്തി ഉണ്ടായി.പണം കിട്ടിയപ്പോൾ ഒരു സ്കൂളിൽ അഡ്മിഷനും ലഭിച്ചു.ഇവിടം മുതലാണ് മുത്തുവിന്റെ ജീവിതവും ആരംഭിക്കുന്നത്.സ്കൂളിൽ പഠിപ്പിക്കുന്ന കാര്യങ്ങൾ അവൻ അന്നന്ന് തന്നെ പഠിച്ചു.ക്ലാസ്സിലെ ഒന്നാമനായി മുത്തു മാറി.എല്ലാ അധ്യാപകർക്കും അവനോട് ഇഷ്ടം കൂടിയതേയുള്ളൂ.എല്ലാവരുടെയും കണ്ണിലുണ്ണിയായി അവൻ മാറി.ആയിടയ്ക്കാണ് കുറച്ച് ചെകുത്താന്മാർ അവന്റെ ജീവിതത്തിലേക്ക് കടന്നു വന്നത്. അവന്റെ സുഹൃത്തുക്കൾ തന്നെയായിരുന്നു.കഞ്ചാവ് വലിക്കുന്ന ശീലമുള്ള വരായിരുന്നു സുഹൃത്തുക്കൾ.അവർ മുത്തുവിനെയും അതിന്റെ ആഴങ്ങളിൽ തള്ളിവിട്ടു.ഒരു തരം മിഠായിപ്പൊടിയാണ് എന്നും പറഞ്ഞ് സുഹൃത്തുക്കൾ അവനെ കൊണ്ട് ലഹരി കഴിപ്പിച്ചു.പാവം മുത്തു.ലഹരിയുടെ സ്വാദറിഞ്ഞ അവൻ പിന്നീട് അതിനടിമയായിത്തീർന്നു.അത് കിട്ടാതാവുന്ന ദിവസങ്ങളിൽ അവൻ പരിഭ്രാന്തനായി ഓടി നടന്നു.ഒടുവിൽ ലഹരിക്കു വേണ്ടി അവൻ സ്വന്തം അച്ഛനെപ്പോലും കൊന്നുകളഞ്ഞു.കട്ടും കൊള്ളയടിച്ചും കുടിച്ചും അവൻ , അവനല്ലാതായിത്തീർന്നു.എന്നും പഠിക്കാൻ മിടുക്കനായിരുന്ന അവനെ അവന്റെ ചങ്ങാതിമാർ ചതിച്ചു.മുത്തു പിന്നീട് സ്കൂളിൽ പോയില്ല.ലഹരി തലക്കു പിടിച്ച് അവൻ എന്തല്ലാമോ ചെയ്തുകൂട്ടി. അവന്റെ പ്രവൃത്തി കണ്ട് അവന് അധ്യാപകർ മുന്നറിയിപ്പ് നൽകിയിരുന്നു. എന്നാൽ അതൊന്നും അവൻ ഉൾക്കൊണ്ടില്ല.ഒടുവിൽ എല്ലാവർക്കും സംഭവിക്കുന്നതു പോലെ അവനും സംഭവിച്ചു.ഒരുനാൾ മുത്തു അവശനായി റോഡരികിൽ വീണു.ഒരു പട്ടിയും അവനെ തിരിഞ്ഞുനോക്കിയില്ല. ബോധമില്ലാതെ അവൻ ദിവസങ്ങളോളം അവിടെ കിടന്നു.ദൈവത്തിന് തോന്നിയതാകാം,ഒരു നന്മയുള്ള മനുഷ്യൻ അവനെ ആശുപത്രിയിൽ എത്തിച്ചു.ഇടയ്ക്കിടയ്ക്ക് മുത്തു രക്തം ചർദ്ദിച്ചു.ഡോക്ടർ ഒരു നല്ല മനുഷ്യനായതിനാൽ മുത്തുവിനെ നല്ലതു പോലെ ചികിത്സിച്ചു.ഇടയ്ക്ക് ബോധം വരുമ്പോൾ മുത്തു

മന്ത്രിച്ചുകൊണ്ടിരുന്നത് അവന്റെ സ്വപ്നത്തെക്കുറിച്ചായിരുന്നു.പഠിച്ച് വലുതാകണം എന്നുള്ള സ്വപ്നത്തെക്കുറിച്ച്.ദിവസങ്ങൾക്കു ശേഷം അവന് ബോധം വന്നു.മുത്തുവിന് ഒന്നും മനസ്സിലായില്ല.അവൻ ഡോക്ടറോട് ചോദിച്ചു."എനിക്ക് എന്താണ് സംഭവിച്ചത് ? എന്റെ അച്ഛൻ എവിടെ ? "ഡോക്ടർ പറഞ്ഞു "നീ ഇത്രനാളും ലഹരിക്കടിമയായ ഒരുവനായിരുന്നു.നിന്റെ സുഹൃത്തുക്കൾ നിന്നെ ചതിച്ചു.ലഹരിക്കു വേണ്ടി പൊന്നുമോനേ നീ സ്വന്തം അച്ഛനെയും കൊന്നു." മുത്തു തരിച്ചു നിന്നു പോയി.എന്താണ് സംഭവിച്ചത് എന്ന് ഓർക്കാൻ പോലും പറ്റുന്നല്ല.കുറ്റബോധത്താൽ അവന്റെ മനസ്സ് നീറിപ്പുകഞ്ഞു. എന്നിട്ട് അവൻ കരഞ്ഞു കൊണ്ട് പറയാൻ തുടങ്ങി."സ്വന്തം അച്ഛന്റെ ഘാതകനാണ് ഞാൻ. അമ്മ ഉപേക്ഷിച്ചു പോയപ്പോഴും അച്ഛനാണ് കൂടെ ഉണ്ടായിരുന്നത്. ആ അച്ഛനെ ...... ലോകത്ത് ഇങ്ങനെയൊരു മകൻ ആർക്കും ഉണ്ടാകില്ല ഡോക്ടർ ഞാനൊരു കൊലയാളിയാണ് എനിക്കൊരു സ്വപ്നമുണ്ടായിരുന്നു. പഠിച്ച് വലുതായി ,വലിയൊരാളായി സുഖമില്ലാത്ത അച്ഛനെ നന്നായി സംരക്ഷിക്കണമെന്ന സ്വപ്നം. എല്ലാം പോയി ഡോക്ടർ. എന്റെ അച്ഛനും എന്റെ സ്വപ്നവും ഞാൻ കാരണം നശിച്ചു. എങ്ങനെയാ ഡോക്ടർ ഞാനിനി ജീവിക്കുക ? കുറ്റബോധം എന്റെ മനസ്സിനെ ചങ്ങലയ്ക്കിട്ട് തളച്ചിരിക്കുകയാണ്. എന്റെ സ്വപ്നം എനിക്ക് സാക്ഷാത്ക്കരിക്കാൻ കഴിയുമോ ? എന്റെ ഇനി തിരിച്ചുകിട്ടുമോ ? ഞാനൊരു പാപിയാണ്. മഹാ പാപി. "അച്ഛാ ഈ മകനോട് ക്ഷമിക്കണേ " മുത്തുവിന്റെ തൊണ്ടയിടറി. ഡോക്ടർ മുഖം പൊത്തി ങുകയായിരുന്നു. ഇതിനിടയിൽ മുത്തു അവശനായി നിലത്തു വീണിരുന്നു.കണ്ണു തുറന്ന ഡോക്ടർ കാണുന്നത് തറയിൽ ജീവനറ്റ് കിടക്കുന്ന മുത്തുവിനെയാണ്. വായിൽ നിന്നും നുര പുറത്തേക്ക് ഒഴുകുന്നുണ്ടായിരുന്നു. മുത്തുവിന്റെ കൈകൾ തണുത്ത് പോയിരുന്നു. ഈയൊരവസ്ഥയിലും നിസ്സഹായനായി..... അമ്മ ഉപേക്ഷിച്ചു പോയപ്പോഴും അച്ഛനാണ് കൂടെ ഉണ്ടായിരുന്നത്. ആ അച്ഛനെ - ലോകത്ത് ഇങ്ങനെയൊരു മകൻ ആർക്കും ഉണ്ടാകില്ല ഡോക്ടർ. ഞാനൊരു കൊലയാളിയാണ്. എനിക്കൊരു സ്വപ്നമുണ്ടായിരുന്നു. പഠിച്ച് വലുതായി, വലിയൊരാളായി സുഖമില്ലാത്ത അച്ഛനെ നന്നായി സംരക്ഷിക്കണമെന്ന സ്വപ്നം. എല്ലാം പോയി ഡോക്ടർ. എന്റെ അച്ഛനും എന്റെ സ്വപ്നവും ഞാൻ കാരണം നശിച്ചു. എങ്ങനെയാ ഡോക്ടർ ഞാനിനി ജീവിക്കുക? കുറ്റബോധം എന്റെ മനസ്സിനെ ചങ്ങലയ്ക്കിട്ട് തളച്ചിരിക്കുകയാണ്. എന്റെ സ്വപ്നം എനിക്ക് സാക്ഷാത്ക്കരിക്കാൻ കഴിയുമോ? എന്റെ അച്ഛനെ ഇനി തിരിച്ചുകിട്ടുമോ? ഞാനൊരു പാപിയാണ്. മഹാപാപി. "അച്ഛാ ഈ മകനോട് ക്ഷമിക്കണേ " മുത്തുവിന്റെ തൊണ്ടയിടറി. ഡോക്ടർ മുഖം പൊത്തി തേങ്ങുകയായിരുന്നു. ഇതിനിടയിൽ മുത്തു അവശനായി നിലത്തു വീണിരുന്നു.കണ്ണു തുറന്ന ഡോക്ടർ കാണുന്നത് തറയിൽ ജീവനറ്റ് കിടക്കുന്ന മുത്തുവിനെയാണ്.വായിൽ നിന്നും നുര പുറത്തേക്ക് ഒഴുകുന്നുണ്ടായിരുന്നു. മുത്തുവിന്റെ കൈകൾ തണുത്ത് പോയിരുന്നു. ഈയൊരവസ്ഥയിലും നിസ്സഹായനായി.....

രാമുവിന്റെ സ്വപ്നം അവസാനിക്കുന്നതിനു മുൻപേ തന്നെ അവനേ രേഖ വിളിച്ചുണർത്തി. രാമുവിന് എഴുന്നേൽക്കാൻ തോന്നിയതേയില്ല. അമ്മ പിറുപിറുക്കാൻ തുടങ്ങി "നേരം വെളുത്തിട്ടും ചെക്കൻ പോത്തുപോലെ കിടന്നുറങ്ങു വാ". മണി എട്ടരയായി. ഒരു ചിന്തയുമില്ല. എന്നാൽ രാമു അമ്മ പറഞ്ഞത് കേട്ടതേയില്ല. അവൻ സ്വപ്ന ലോകത്തായിരുന്നു. ഇന്നലെ രാത്രിയിൽ കണ്ട ആ സ്വപ്നം അവനെ തീർത്തും ചിന്താകുലനാക്കിയിരിക്കുന്നു. രാമു പതുക്കെ എഴുന്നേറ്റ് അടുക്കളയിലേക്ക് ചെന്നു. ചൂടുള്ള ചട്നിയുടേയും ദോശയുടേയും നാലു ചുവരുകൾക്കുള്ളിൽ അന്ന് ഒതുങ്ങി. അവൻ അമ്മയോട് താൻ കണ്ട സ്വപ്നത്തെക്കുറിച്ച് പറഞ്ഞു. സ്വപ്നത്തിലെ മുത്തുവിന്റെ അവസ്ഥ തനിക്കും ഉണ്ടാകുമോ എന്ന ഭയം അവനുണ്ടായിരുന്നു. കാരണം പലചതികളിലും പെടാൻ സാധ്യതയുണ്ട്. കഴുകന്മാരുടെ

കണ്ണുകൾ എന്നും ചുറ്റിലും ഉണ്ടാകും. മുത്തുവിന്റെ ദുർവിധിയാണത്. ഇനി അങ്ങോട്ട് സൂക്ഷിച്ച് വേണം ചുവടുകൾ വെക്കാൻ.അല്ലെങ്കിൽ മുത്തുവിനെപ്പോലെ മരണമായിരിക്കും എന്റെയും അന്ത്യം എന്ന യാഥാർത്ഥ്യം രാമു തിരിച്ചറിഞ്ഞു. മുത്തുവിനെക്കുറിച്ച് ഓർത്തപ്പോൾ അവന് സങ്കടം വന്നു. മുത്തുവിന്റെ സ്വപ്നം നടന്നില്ല. പക്ഷെ ഞാൻ ഒരിക്കലും ചീത്തക്കൂട്ടുകെട്ടിൽ പെട്ടുപോകില്ല അമ്മേ.... ഇത് ഞാൻ അമ്മയ്ക്ക് നൽകുന്ന ഉറപ്പാണ്. സത്യം !.

അമയ കെ
9-B

# ശാന്തിയില്ലാ തീരങ്ങൾ

ശവക്കല്ലറകളിൽ  നിന്നുയരുന്ന
പൈശാചികരൂപങ്ങൾ
ഇല്ല, ഭൂമിയിൽ ശാന്തി.
ശുദ്ധവായു പരത്തിയ വൃക്ഷലതാതികൾ
ഞെട്ടറ്റടർന്നു പിടയുന്നു ദീനദീനം......
കലരുന്നു വിഷം വായുവിൽ
ധാരധാരയായി.....
തെളിനീർ ചുരത്തിയ ജലാശയങ്ങൾ -
തൻ മാറുകൾ വറ്റിവരണ്ടു.......
ഇന്ന് ശുദ്ധമാം ആ  മാറുകൾ
വിഷം ചുരത്തുന്നു
വറ്റിവരണ്ടു ജലസംഭരണികൾ ഇന്ന്....
വരൾച്ച ബാധിച്ച ഭൂമിതൻ ചർമ്മം
അമ്മയല്ലേ അവൾ സർവ്വം സഹ
അവളുടെ കണ്ണുനീർ തീയായി,കാറ്റായി
പടർന്നു....
ഉപ്പു കലർന്ന ജലം പടർന്നൊഴുകി
പാതവീഥികളിൽ അവ
തുടച്ചു മാറ്റി ഹൃദയമിടിപ്പുകൾ
കുത്തിയും കൊന്നും രക്തക്കളമായി ഇന്നു ഭൂമി
ദൈവങ്ങൾ പോലും കൈയൊഴിയുന്നു
കഴിയില്ല കളങ്കപ്പെട്ട ഇവിടെ വസിക്കുവാൻ
ശവക്കല്ലറകളിൽ നിന്നുയരുന്ന
പൈശാചിക രൂപങ്ങൾ
ഇല്ല ഭൂമിയിൽ ശാന്തി........

സ്നേഹ.എൻ.എം

# ക്രൂര കൃത്യങ്ങൾ

കണ്ണുനീരിൻ  പുഴയിൽ ഞാൻ
ഒഴുകിക്കൊണ്ടേയിരുന്നു.
വേദനകൾ നെഞ്ചിൽ അടക്കിപ്പിടിച്ചു കൊണ്ട്...
എൻ ഹൃദയത്തിൽ വ്രണങ്ങൾ മാത്രം
കണ്ണടച്ചു പിടിച്ചു ഞാൻ നോക്കിയീ ലോകത്തെ
ചുറ്റും ശാന്തമാം അന്തരീക്ഷം

മന്ദമെൻ മിഴി തുറന്നൊന്നു നോക്കി ഞാൻ
ചോര ധാര ധാരയായി ഒഴുകുന്ന യുദ്ധക്കളങ്ങൾ !
എത്രയെത്ര ജീവനുകൾ പിടഞ്ഞു പിടഞ്ഞു തീരുന്നു
അവസാനിപ്പിച്ചു കൂടെയീ ക്രൂരകൃത്യങ്ങൾ

വിസ്മയ.എൻ.എം
9-B

# EARTH POLLUTION



Earth is a beautiful planet with men, animals flowers, trees etc...... But now a days we men's over exploitation make earth as polluted. Man use earth for their luxury life. Man made factories and buildings etc. destroy the earth's nature.

Fumes from factory pollute the air extremely. That causes many diseases like cancer and other respiratory diseases . The waste water from factories pollute the soil and river water. That destroys aquatic plants and fishes and pollute water also. So it effects human life. So don't pollute earth. Save earth for future. We want to hand over a healthy, and beautiful earth, to the next generation.

VISHNU DATHAN
9-B



# ഉത്തമ സമൂഹ സൃഷ്ടിക്ക് കായിക വിദ്യാഭ്യാസം

ഡോ. എം.ഷിംജിത്ത്
കായികാധ്യാപകൻ

ലക്ഷ്യബോധമുള്ള ഒരു പുതു തലമുറയെ വാർത്തെടുക്കുന്നതിൽ വിദ്യാഭ്യാസത്തിന് വലിയ പങ്ക് വഹിക്കാനുണ്ട്. ഇതിൽ കായിക വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം വളരെ വലുതാണ്. ജയവും തോൽവിയും അംഗീകരിക്കാൻ കഴിഞ്ഞാൽ സമൂഹത്തിലെ പകുതി പ്രശ്നങ്ങൾക്കും പരിഹാരമാകും. കായിക വിദ്യാഭ്യാസം കൊണ്ടുള്ള മനശാസ്ത്രപരമായ പ്രയോജനം അതാണ്. അച്ചടക്കം, നിയമങ്ങൾ അനുസരിക്കൽ, നേതൃശേഷി, ടീം വർക്ക്, സമൂഹത്തിലെ ഇടപെടലുകൾ തുടങ്ങി ഒരു മനുഷ്യന് വേണ്ട എല്ലാ നല്ല കാര്യങ്ങളും അടങ്ങിയതാണ് കായിക വിദ്യാഭ്യാസം. ഇതിലൂടെ ആത്മവിശ്വാസവും ആരോഗ്യവുമുള്ള തലമുറയെ വാർത്തെടുക്കാൻ നമുക്ക് കഴിയുന്നു.

പുതിയ ലോക സാഹചര്യങ്ങളിൽ നമ്മുടെ ജീവിതരീതിയും ഭക്ഷണരീതിയും ജീവിതശൈലി രോഗങ്ങൾ വ്യാപിക്കുന്നതിന് കാരണമായിട്ടുണ്ട്. മാറിവരുന്ന ഭക്ഷണ രീതി മലയാളിയെ യൗവ്വനത്തിലെ തന്നെ രോഗികൾ ആക്കിമാറ്റുന്നു. പഞ്ചനക്ഷത്ര ആശുപത്രികൾ കേരളത്തിൽ തഴച്ചുവളരുന്നത് ഇത്തരം രോഗികളുടെ സമ്പത്ത് കൊള്ളയടിക്കാൻ ആണ്. വ്യായാമം ഒട്ടുമില്ലാത്ത മലയാളിക്ക് മാറിയ ജീവിതസാഹചര്യങ്ങൾ അധ്വാനം കുറയ്ക്കുമെങ്കിലും ഒടുവിൽ പാലിയേറ്റീവ് കെയർ സെൻററിൽ ജീവിതത്തിന്റെ ഭൂരിഭാഗവും



ചെലവഴിക്കേണ്ടി വരുന്നു. "വ്യായാമം മനുഷ്യശരീരത്തെ രോഗമില്ലാതാക്കുന്ന മഹാ തത്വം" എന്നത് ഉയർത്തിപ്പിടിച്ച് സമൂഹത്തിനു വേണ്ടി പുതിയ കായിക വിദ്യാഭ്യാസ പദ്ധതി പഞ്ചവത്സര പദ്ധതി പോലെ നിർബന്ധമാക്കി ആസൂത്രണം സാധ്യമാക്കാൻ കഴിയണം. മദ്യം, മയക്കുമരുന്ന്, പുതിയ ഭക്ഷണ രീതി, പ്ലാസ്റ്റിക് മാലിന്യം എന്നിവയെല്ലാം നമ്മുടെ സമൂഹത്തെ കീഴടക്കുന്നതിനെതിരെ വ്യായാമത്തിലൂന്നിയ ഒരു സമൂഹത്തെ സൃഷ്ടിക്കാൻ നാം കൈകോർക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.



രോഗത്തെ അകറ്റാൻ ജീവിതചര്യകളിൽ ഉടനീളം ജാഗ്രതയോടെ കായിക-വ്യായാമ ശീലം ഉണ്ടായാൽ പടിപടിയായി ആരോഗ്യമുള്ള സമൂഹത്തെ നിർമ്മിച്ചെടുക്കാൻ കഴിയും. ചില നിബന്ധനകളും നിരോധനങ്ങളും ഉണ്ടായാൽ മനുഷ്യൻ അനുസരിക്കാൻ ബാധ്യതപ്പെടും. ഈ ബാധ്യത ജീവിതശൈലികൾ ആയിത്തീരുന്നു. അങ്ങനെ പടിപടിയായി ആരോഗ്യമുള്ള സമൂഹത്തെ തന്നെ വാർത്തെടുക്കാൻ കഴിയും.

# प्यारी बहन

हजारों में या लाखों में
पाना बड़ी मुश्किल होगी
मेरि प्यारी बहन जैसी
भोली-भाली सीधी-साधी।

उसकी मुस्कान् देखे तो
भूल् जाएगा सारा दुख
सिर्फ बहन ही नही वह
दीदी दोस्त माता सब कुछ

आवाज़ कितनी मीठी है
चेहरा कितना भव्य है
चरित है तो सबसे बढ़कर
मोती है वह प्यारि बहन ।

सयनोरा.पी

# കണ്ണിലുണ്ണി

വല്ലാർപാടം എന്നഗ്രാമത്തിലെ ഗ്രാമവാസികളുടെ കണ്ണിലുണ്ണിയായിരുന്ന അനിരുദ്ധൻ. എന്തെന്നാൽ അനിരുദ്ധൻ ഒരു അനാഥനാണ്. അനിരുദ്ധന്റെ ഗ്രാമവാസിയായ ഭാസ്കരേട്ടൻ വല്ലാർപാടത്തിലെ ഒരു ചായക്കടക്കാരനാണ്. വെളുപ്പാൻ കാലത്ത് തന്നെ ചായക്കട തുറക്കും. കടയിൽ വെളുപ്പിനു തന്നെ അനിരുദ്ധൻ വരും. ഭാസ്കരേട്ടന്റെ ചായക്കടയിൽ നിന്നാണ് അനിരുദ്ധന്റെ പ്രാതൽ. പതിവുപോലെ ഭാസ്കരേട്ടന്റെ ചായക്കടയിൽ നിന്നും അവൻ ചായ കുടിക്കുമ്പോൾ അവന്റെ കണ്ണു നിറഞ്ഞതു കണ്ട് ഭാസ്കരേട്ടന് സങ്കടമായി. 'മോനെ കരയാതെ അനിരുദ്ധാ അച്ഛൻമരിച്ച ദിവസമല്ലേ, ഭാസ്കരേട്ടനറിയാം. അച്ഛന്റെ ആത്മാവിനുവേണ്ടി പ്രാർത്ഥിക്കു, സമാധാനമുണ്ടാകും. അച്ഛനും അമ്മയും ഇല്ലെങ്കിലും ഉണ്ണി അനാഥനല്ല നിനക്ക് ഈ ഭാസ്കരേട്ടനുണ്ട്. അനിരുദ്ധൻ പൊട്ടിക്കരഞ്ഞു. ഭാസ്കരേട്ടൻ അവനെ തന്റെ മാറോടു ചേർത്തു പിടിച്ച് ആശ്വാസം പകർന്നു. അവൻ ചായക്കടയിൽനിന്ന് യാത്ര ചോദിച്ചുകൊണ്ട് പറഞ്ഞു. ഞാനൊരു ദൂര യാത്ര പോവുകയാണ് എന്നെ അനുഗ്രഹിക്കണം. എന്താ മോനേ വിശേഷം. ഈ നാടിന്റെ കുടിവെള്ളം നിക്ഷേപിക്കപ്പെടുന്ന കുത്തക കമ്പിനികളുടെ മേൽകോയ്മകൾക്കെതിരെ ഞാൻ ശബ്ദം ഉയർത്തും. ഇതിനെതിരെ മുഖ്യ മന്ത്രിക്കൊരു നിവേദനം സമർപ്പിക്കാൻ പോവുകയാണ്, ഒരാഴ്ചയെങ്കിലും കഴിഞ്ഞേ ഞാൻ തിരിച്ചു വരൂ. മോനേ മലയോട് കല്ലെറിയുമ്പോൾ സൂക്ഷിക്കണം. പോയ് വരു മോനേ നമ്മുടെ ഗ്രാമത്തിൽ സന്തോഷവും സമാധാനവും കുടികൊള്ളട്ടെ. അനിരുദ്ധൻ സഞ്ചിയും തോളിലേന്തി കട വിട്ടിറങ്ങി.

ഒരു അപരിചിതൻ ഭാസ്കരേട്ടന്റെ കടയിൽ വന്നു ചോദിച്ചു അല്ല ഭാസ്കരേട്ടന്റെ കടയല്ലേ ഇത്? അതെ സാർ നമസ്കാരം ഞാൻ മതസൗഹാർദ്ദം എന്ന പത്രത്തിന്റെ ലേഖകനാണ്.എനിക്കു താങ്കളുടെ ഒരു സഹായം വേണം.താങ്കളുടെ അയൽവാസിയായ അനിരുദ്ധനെ കുറിച്ച് വിശദ വിവരങ്ങൾ നൽകിയാൽ ഉപകാരപ്രദമായിരുന്നു. തീർച്ചയായും ഞാൻ നൽകാം സാർ. അവനെ കുറിച്ച് നന്മകൾ മാത്രമേ പറയാനുള്ളൂ. സാറിന് നല്ലൊരു ചായഎടുക്കട്ടെ? ലൈറ്റ്, മീഡിയം, വിത്ത്ഔട്ട്. ഭാസ്കരേട്ടാ ഒരുലൈറ്റ് കട്ടൻ ആയിക്കോട്ടെ . ലേഖകൻ മേശപ്പുറത്തുള്ള പത്രത്തിലേക്ക് ശ്രദ്ധ തിരിച്ചു. 'സാർ ചായ'എങ്ങനെ? ചായ കുടിച്ചുകൊണ്ട് അവർ രണ്ടു പേരും സംഭാഷണത്തിലേക്ക് ഏർപ്പെട്ടു. ഈ നാട്ടിലുള്ളവർക്ക് എന്തു കാര്യത്തിലും അവൻ തന്നെ വേണം. നീതിക്ക് നിലക്കാത്തത്എന്തു കണ്ടാലും അവൻ ഉടനടി പ്രതികരിക്കും, സാക്ഷാൽ ശ്രീബുദ്ധന്റെ സത്യവും ഗാന്ധിജിയുടെ അഹിംസയും, ശ്രീകൃഷ്ണന്റെ ധർമ്മരക്ഷോപായവും ഒരുമിച്ച് ആവാഹിച്ച് എടുത്ത ഒരു അവതാര മൂർത്തിയായാണ് ഈ നാട്ടുകാർ അവനെ കണ്ടത്. ഒരിക്കലും തോറ്റുപോകാത്ത മനസ്സും എന്തിനോടും പ്രതികരിക്കാനുള്ള ചങ്കൂറ്റവും ആരേയും അവനിലേക്ക് ആകർഷിച്ചിരുന്നു. ഓരോരോ ദിവസങ്ങൾ കൂടുന്തോറും മിത്രങ്ങളോടൊപ്പം ശത്രുക്കളും അവന് കൂടി വന്നു. ഈ നാടിന്റെ പരിസ്ഥിതിക്കു വേണ്ടി അതി ശക്തമായി പ്രവർത്തിക്കുന്ന അനിരുദ്ധനെ വൻകിട ശത്രുക്കളുടെ ഭീഷണിയും കൊലവിളിയും നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും ആരെയും കൂസാതെ സത്യത്തിനും ധർമ്മത്തിനും വേണ്ടി പോരാടുകയായിരുന്നു അവൻ. ഈ നാടിന്റെ കുടിവെള്ളത്തിന് വേണ്ടി ശബ്ദം ഉയർത്തിയതാണ്

വൻകിട കുത്തകകളുടെ ശത്രു ആകാൻ കാരണം. ഒരു പക്ഷേ ഏതു നിമിഷവും അവനെ വേട്ടയാടാം.

എന്റെ ഈശ്വരാ അവന് ഒന്നും വരാതെ കാത്തുകൊള്ളണേ. നമ്മുടെ മുഖ്യമന്ത്രിക്ക് നിവേദനം സമർപ്പിക്കാൻ പോയതാണ് എന്റെ ഉണ്ണി- പെട്ടെന്ന് ലേഖകന്റെ മൊബൈലിലേക്ക് ഒരു കോൾ വന്നു. പത്രം ഓഫീസിൽ നിന്നാണ്. താങ്കൾ റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്ന അനിരുദ്ധനെ റെയിൽപ്പാളത്തിൽ മരിച്ചനിലയിൽ കണ്ടു എന്ന വിവരമാണ് അറിഞ്ഞത്." ദൈവമേ എന്റെ ഉണ്ണി"- ഒരിക്കലും അവൻ സ്വയം ജീവനൊടുക്കില്ല സാർ അവനെ അവന്റെ ശത്രുക്കൾ തന്നെ കൊലപ്പെടുത്തിയതാണ്. ആ മരണം വല്ലാർപാടത്തിന്റെ നെഞ്ചിലേക്കാണ് തുളച്ചു കയറിയത്.

അഭിനവ് .കെ.എസ്


9-B

# The Breeze

Once in a snowy  Morning
Through the opened doors of my window
Somebody called me, and
Whispered in my ear
“come on, wake up fast.
I have a lot to tell you”
Narrated me the story of
Mystic tales of wild forest
The sadden story of Butterfly
who loved the pretty sunflower
It told me a plenty of
secrets hidden in the nature
A lot of amours which are
felt by the poor nature
It knows all the things
about the nature, about the world
I asked it : “What shall I call you?”
When it is getting away from me
Answered me with a smile :
You can call me '**THE BREEZE.**'

MUHAMMMED SALIK

# ജാലകം



മേഘത്തെ തള്ളിനീക്കാനായി
ഓടിക്കിതച്ചെത്തുന്ന കാറ്റിനോട്
പർവ്വതംചോദിച്ചു :
"തെന്നലേ . . . . ലോകത്ത്
ഏറ്റവുംവിശാലമായത് എന്താണ് ?"
"എന്താസംശയം ? വലിയ മൈതാനവും
ആകാശവും സമുദ്രവുമെല്ലാം എത്ര
വിശാലമാണ് ?"
തെന്നൽ മറുപടി നൽകി.
"എങ്കിൽ പറയൂ. ഏറ്റവും ഇടുങ്ങിയതെന്താണ്
?" പർവ്വതം വീണ്ടും ചോദിച്ചു .
"ഒരു കടുകുമണിയോളം ഇടുങ്ങിയതായി എന്തുണ്ട് ?"
"തെന്നൽ പെട്ടെന്ന തന്നെ പറഞ്ഞു .
"തെന്നലേ . . നിന്റെ ഉത്തരങ്ങൾ തെറ്റാണ് ".
ലോകത്ത് ഏറ്റവും വിശാലമായത് മനുഷ്യനിർമിതമായ വീടിന്റെ ജാലകമാണ്.
ചെറിയ ആ ജാലകത്തിലൂടെ വലിയൊരു പ്രദേശം മുഴുവൻ കാണാം ".
പർവ്വതം ചിന്താവിഷ്ടനായി പറഞ്ഞു .
"എങ്കിൽ ഏറ്റവും ഇടുങ്ങിയതെന്താണ് ?"
തെന്നൽ അതിശയത്തോടെ ആരാഞ്ഞു .
"ഇത്രയും വിശാലമായ ജാലകത്തിനെ നിർമ്മിക്കുന്ന
മർത്ത്യന്റെ മനസാണ് ഏറ്റവും ഇടുങ്ങിയത് പർവ്വതംപറഞ്ഞു.
എന്നിട്ട് ഉടർന്നു . "ഓരോ മാനവന്റെയും മനസ്സ് ജാലകമായി മാറണം.
ആ വിശാലത കൈവരിക്കണം. എങ്കിൽ മാത്രമേ ഈ ലോകം
മാറുന്നുള്ളൂ. നാം ഉയർന്ന നേട്ടങ്ങൾ കൈവരിക്കണം. അപ്പോൾ
നമ്മുടെ മുന്നിലെ ജാലകം ഒരിക്കലും കൊട്ടിയടക്കപ്പെടരുത്."

മാളവിക കെ മനേഷ്
9-E

# माई

जब मुशकिल धडी आति है
तब साथ खडी रहती है
जब सब रास्ता बंद होता है
तब नही राह दिखाती है

जब मन में कई उलझन हो
तब जड सें पहचान लेंती है
जब जिंदगी कड़वी होती है
तब मिंठास भर लेती है।

जब सब हाथ खडा करते है
तब हाथ पकट लेती है
जब कमजोरी से गिर जाती है
तब प्यार से उठा लेती है

जब हर जगह लगती सुनसान
तब वे कहेंगी मैं हूँ न साथ?
जब माई साथ होती है मेरे
तब विजय साथ है बेशक ।

सानिया मिन्नारा

# കൺട്രി ഫെല്ലോ



ടിർണീം.... ടിർണീം.... ടിർണീം ….. ഫ്ലാറ്റിലെ 13-ാം നിലയിൽ നിന്നും ഒരു ഫോൺ കരയുന്ന .. ചിപ് സും കൊറിച്ചുകൊണ്ട് ടി.വി . ഓഫ് ചെയ്ത് റിമോട്ട് സോഫയിലേക്കെറിഞ്ഞ് ഡൈനിംഗ് ടേബിളിലെ പലക പോലുള്ള മൊബൈൽ ഫോണെടുത്തു . ചിപ് സും ചവച്ചുകൊണ്ട്.... ഹലോ .... തടിയൻ അഭിസംബോധന ചെയ്തു. മറുപുറത്ത് സ്ത്രീ ശബ്ദം. അച്ഛനെയും അമ്മയെയും തിരഞ്ഞെടുക്കാം ഇപ്പോൾ വെറും 1000 രൂപയിൽ. നന്മ വൃദ്ധസദനത്തിലെ 50-70 വയസ്സിനിടയിൽ പ്രായമുള്ള വൃദ്ധസ്ത്രീകളെ മമ്മിയായി സെറ്റ് ചെയ്യാൻ 1 അമർത്തു.... ഒരുമ മെൻസ് വൃദ്ധസദനത്തിലെ 60-75 വയസ്സിനിടയിൽ പ്രായമുള്ള വൃദ്ധരെ ഡാഡിയായി സെറ്റ് ചെയ്യാൻ 2 അമർത്തു..... കൂടുതൽ വിവരങ്ങൾക്ക് www.oldcity.com എന്ന വെബ്സൈറ്റ് സെർച്ച് ചെയ്യൂ....

തടിയൻ ഫോൺ കട്ട് ചെയ്തു കൊണ്ട് പറഞ്ഞു “2 ശല്ല്യങ്ങളെ ഒരു വീക്ക് മുമ്പാണ് ഷട്ട്ഡൗൺ ചെയ്തത് ഹോം കെയറിലാക്കിയത്. എന്നിട്ട് പിന്നെയും വേണോന്ന് ചോദിക്കുന്നു. കൺട്രി ഫെല്ലോ........” ചിപ്സ് നിറച്ച പാത്രവുമെടുത്ത് കൊഴുത്ത ശരീരവുമായി അവൻ ടി.വിക്കരികിലേക്ക് മെല്ലെ നടന്നു നീങ്ങി.

# അവൾ

അവൾ ജീവിതത്തിന്റെ പാതയിലൂടെ വളരെ വേഗത്തിൽ നടക്കുകയായിരുന്നു.കലങ്ങിയ കണ്ണുകളിലും അഗ്നിയുടെ തീക്ഷ്ണത സ്പഷ്ടമായിരുന്നു.വികൃതവും കയ്പ്പുള്ളതുമായ ജീവിതത്തിന്റെ മധുരം എന്താണെന്നറിയാൻ ഏറെ പാടുപെട്ടിട്ടുണ്ട് അവൾ.

മനുഷ്യന്റെ ലോകമല്ലിത്.ഇരുട്ടിന്റേതാണ്.ഇരുട്ടിന്റെ തിന്മയുടേതാണ്.രാത്രിയിലെ ചെറുജീവികൾ മാത്രം സാക്ഷിയാകുന്ന വെളുത്ത തിന്മയുടെ ലോകം.

അതിജീവനത്തിന്റെ കൈകൾ നീന്തിക്കൊണ്ടിരുന്നു.ഒടുവിൽ പ്രതികാര ദാഹിയായ അവൾ തന്റെ കണ്ണുകളിലെ അഗ്നിയെ പുറത്തെടുക്കുന്നു.

തന്റെ ജീവിതത്തിലെ വിളക്കുകൾ ഊതികെടുത്തിയവരെ തേടി,സദാചാരക്കണ്ണുകളെ തട്ടിമാറ്റിക്കൊണ്ട് അവൾ ശപിച്ച ആ ദിനങ്ങളെ ഭീക്ഷണിക്കു വിലനൽകാതെ,ഇനിയൊരു ജീവിതവും തകരാനനുവദിക്കാതെ,ഉറന്നുപറഞ്ഞ് അവൾ മുന്നേറി .

കുതിച്ചു വരുന്ന പുകവണ്ടിയെ വകവെയ്ക്കാതെ ദീർഘമേറിയ ആ പാളം അതിവേഗം അവൾ മറികടന്നു.

***ആര്യ. ആർ.ടി***

# Please Protect our Earth And Save Nature

Earth is the most beautiful planet in the solar system. We are very lucky to be here in this wonderful world. The rivers, trees, hills and the various natural resources are the gifts from God. We have to enjoy their beauty and protect them from all dangers. The plants are the gift of god which gives us food and fresh air. But we the “cruel kings” humans destroy the plants and our wonderful nature. Deforestation creates many problems day by day in our life.

The atmosphere is destroyed by the deforestation. The cycle of carbon dioxide and oxygen get collapsed. It leads to many natural calamities. Plastic has become a great threat to our nature which pollutes our soil which cause many problems in our agricultural field. The crops will be destroyed by the presence of plastic in the soil.

The rivers are polluted day by day by the factories and other industries they throw their waste into the river. The river and other water bodies are polluted, then the amount of drinking water will decrease day by day.

It is our responsibility to protect our lovely nature and its resources. We should keep it save for future generation. God had gifted for all, not to you only. Please save natural resources. Be a nature lover, be a good person.

THARUN S NATH
10-A

# BEAUTY OF NATURE

Sunset at the dawn of a new day
Just watching – it melts your stress away
Waterfalls falling from a height
Quite an awesome sight

Moon, stars shining so bright
At night darkness bears no fright
On the beach the ocean gently roars
Meditating with it our spirit soars

Summer flowers in the park, squirrels running around
Trying to find any nuts on the ground
Nature is so beautiful
Are we appreciating it to the full ?

SANNYA SHEKHAR
10 A

# നന്ദി

ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസിൻ പൂർത്തിയായിരിക്കുകയാണ്. തങ്ങളുടേതായ അതിമനോഹരമായ കൊച്ചു കൊച്ചു കഥാ, കവിതാ സമാഹാരങ്ങൾ നൽകി ഞങ്ങളുടെ മാഗസിനു വേണ്ടി മനസ്സറിഞ്ഞ് പ്രവർത്തിച്ച അതിൽ പങ്കാളികളായ ലിറ്റിൽ കൈറ്റ്സിന്റെ മുഴുവൻ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കും അദ്ധ്യാപകർക്കും ഞങ്ങളുടെ പേരിൽ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.



കെ.ഹാരിസ്

കൈറ്റ് മാസ്റ്റർ



പി.മിനി

കൈറ്റ് മിസ്ട്രസ്സ്